അറവുകാട് ഹൈസ്കൂൾ പുന്നപ്ര ആലപ്പുഴ

# പ്രഗതിപഥം

## 2025-26

## അക്കാദമിക മാസ്റ്റർ പ്ലാൻ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം



## ഉള്ളടക്കം

1.ആമുഖം

2.അവസ്ഥവിശകലനവും മുൻഗണനകളും

3.ലക്ഷ്യങ്ങൾ

4.പ്രവർത്തന പദ്ധതി

5.വിവിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം

6.പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും

7.ഉപസംഹാരം

## മേൽനോട്ടം

| | |
|---|---|
| ശ്രീ.ബിനീഷ് ബോയി | -സ്കൂൾ മാനേജർ |
| ശ്രീ.അബ്ദുൾ ഷുക്കൂർ | -പി.ടി.എ.പ്രസിഡന്റ് |
| ശ്രീമതി.പി കെ സജീന | -ഹെഡ്മിസ്ട്രസ് |
| ശ്രീമതി.ലൈജു ടി | -സ്റ്റാഫ് സെക്രട്ടറി |
| ശ്രീമതി.അമ്പിളി എസ് ആർ | -എസ്.ആർ.ജി.കോഡിനേറ്റർ |

## തയ്യാറാക്കിയവർ

ശ്രീമതി.ബി ശ്രീലേഖ

ശ്രീ.ഗൗതം സി പി

## പങ്കാളിത്തം

1. ജനപ്രതിനിധികൾ
2. സ്കൂൾ മാനേജ്മെന്റ്
3. പി.ടി.എ
4. പൂർവ അധ്യാപകർ
5. വിദ്യാലയ വികസന സമിതി
6. പൂർവ വിദ്യാർത്ഥി സംഘടന
7. അധ്യാപകർ
8. സ്കൂൾ ലീഡർ

## 1.ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-18 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണവും ഈ മാറ്റങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കുക എന്നത്. ഇതിന്റെ ഭാഗമായി 06/01/2018 ൽ സ.ഉ(സാധാ ).നം.100/2018/പൊ. വി.വ പ്രകാരം അക്കാദമിക മാസ്റ്റർ പ്ലാൻ സംബന്ധിച്ച പൊതുമാർഗ്ഗരേഖ ഉത്തരവായി എല്ലാ വിദ്യാലയങ്ങളിലും എത്തിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി മുഴുവൻ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായി. തുടർ വർഷങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളുകൾ വികസിപ്പിക്കുകയുണ്ടായി. 10/10/2023-ൽ പ്രൈമറിക്ലാസ്സുകളിലെ വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കുന്നതിനായി സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ നിർവഹണം സംബന്ധിച്ച് സ.ഉ.(സാധാ നം.153/2023/പൊവിവ പ്രകാരം ഉത്തരവിറക്കിയിരുന്നു. ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്രവികാസവും ഉറപ്പാക്കുന്നതിന്, അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ ഒരു പൊതുവായ ചകട്ടക്കൂടാണ്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും, അക്കാദമിക ലക്ഷ്യങ്ങളും, വിഭവവിനിയോഗവും, പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്നു. എന്നാൽ, ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. അതിനാലാണ് ക്ലാസ്സ്തല മാസ്റ്റർപ്ലാനുകൾക്കും വ്യക്തിഗത മാസ്റ്റർപ്ലാനുകൾക്കും അതിയായ പ്രാധാന്യമുള്ളത്.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ അക്കാദമിക് മാസ്റ്റർപ്ലാൻ ആണിത് . അക്കാദമിക മാസ്റ്റർപ്ലാൻ വിശദീകരണം , പൊതുഘടന, സ്കൂളുകൾക്ക് സ്വയം വിലയിരുത്താനുള്ള മാർഗരേഖ ഇതിൽ ഉൾകൊള്ളുന്നു.

### ചരിത്രം

ദക്ഷിണ കേരളത്തിലെ അതി പ്രശസ്തമായ ദേവീക്ഷേത്രങ്ങളിൽ ഒന്നായ പുന്നപ്ര അറവുകാട് ശ്രീദേവി ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാലയമാണ് അറവുകാട് ഹൈസ്കൂൾ. സാമൂഹിക പരിഷ്കർത്താവായിരുന്ന ശ്രീനാരായണ ഗുരുവിന്റെ പാദ സ്പർശമേറ്റ ഭൂമിയാണിത്. ഈ പ്രദേശം അറിവിന്റെ കാടായി മാറണം എന്നുള്ള അദ്ദേഹത്തിന്റെ വചനങ്ങളെ അനുസ്മരിപ്പിക്കുതാണ് ഈ കാണുന്ന വിദ്യാലയ സമുച്ചയം. നിത്യഹരിത നായകൻ ശ്രീ.പ്രേംനസീറാണ് ഈ വിദ്യാലയത്തിന് തറകല്ലിട്ടത്. 1968 ൽ എം.എൽ.എ ആയിരുന്ന

കാലത്ത് ശ്രീ.വി.എസ്.അച്ചുതാനന്ദന്റെ പ്രത്യേക താല്പര്യപ്രകാരം ഇടതുപക്ഷ സർക്കാരാണ് സ്കൂൾ അനുവദിച്ചത്. അറവുകാട് ക്ഷേത്രയോഗത്തിന്റെ മേൽനോട്ടത്തിലുള്ള മാനേജിംഗ് കമ്മറ്റിയാണ് സ്കൂൾ ഭരണ സാരഥ്യം നിർവഹിക്കുന്നത്.



പുന്നപ്രയിലേയും പരിസര പ്രദേശങ്ങളിലേയും വിദ്യാർത്ഥികൾക്ക് ജാതിമതഭേദമന്യേ വിദ്യ അഭ്യസിക്കുവാൻ ഈ വിദ്യാലയം അവസരം ഒരുക്കുന്നു. ആദ്യകാലങ്ങളിൽ ക്ഷേത്ര പരിസരത്തുള്ള സ്റ്റേജിലും അനുബന്ധകെട്ടിടങ്ങളിലുമായിരുന്നു ക്ലാസ്സുകൾ നടത്തി യിരുന്നത്. പിന്നീട് ക്ഷേത്രയോഗത്തിന്റെ അധീനതയിലുള്ള വിശാലമായ കെട്ടിടത്തിലേയ്ക്ക് സ്ഥാപനം മാറ്റപ്പെട്ടു. ശ്രീ. കെ.ചിതാനന്ദൻ അവർകൾ ആയിരുന്നു സ്കൂളിന്റെ പ്രഥമ മാനേജർ. സെക്രട്ടറി ശ്രീ. അഴിയകത്ത് ഭാസ്കരൻ, പ്രസിഡന്റ് പത്മനാഭൻ മുതലാളി. ഖജാൻജി ശ്രീ.ബോയി, ശ്രീകെ.ഗോപിനാഥൻ, അവർകൾ ആയി രുന്നു ആദ്യത്തെ പ്രഥമാധ്യാപകൻ.

ശ്രീ. രാഘവൻ , ശ്രീ.കെ.എസ്.ഭാസ്കരൻ, ശ്രീ.കെ.മോഹനൻ, ശ്രീ.പി.ടി.സുമിത്രൻ, ശ്രീ.എസ്. പ്രഭുകുമാർ എന്നിവർ സ്കൂൾ മാനേജരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ശ്രീ. ബിനീഷ് ബോയ് സ്കൂൾ മാനേജരായി ഭരണസാരഥ്യം വഹിക്കുന്നു.

ആദ്യ പ്രഥമാധ്യാപകനായ ശ്രീ.കെ.ഗോപിനാഥൻ അവർകൾ സ്തുത്യർഹമായ സേവനത്തെ തുടർന്ന് ശ്രീമതി ലളിതാംബിക ,ശ്രീമി. എം.മണിയമ്മ, ശ്രീ.എൻ.രാജശേഖരൻ നായർ,ശ്രീമതി.എൽ. സീതാലക്ഷ്മി, ശ്രീമതി.സതീഭായി, ശ്രീമതി.വി.ബി.ഷീജ എന്നിവർ

സ്കൂൾ പ്രഥമാധ്യാപക രായി സേവനം അനുഷ്ഠിച്ചു.ഇപ്പോൾ പ്രഥമ അധ്യാപികയായി ശ്രീമതി.പി കെ സജീന സേവനം അനുഷ്ഠിക്കുന്നു.

ആദ്യകാലത്ത് സ്കൂളിൽ വിജയശതമാനം തീരെ കുറവായിരുന്നു. കാലക്രമേണ അത് ഉയർത്തുവാൻ അധ്യാപകരുടെ കൂട്ടായ്മ അതിന് വഴിയൊരുക്കി.സംസ്കൃതവും അറബിയും അധികമായി പഠിപ്പിച്ചിരുന്നു.

സ്കൂളിന്റെ പ്രആരംഭഘട്ടം മുതൽ കായിക മേഖലയ്ക്ക് ഗണനീയമായ സ്ഥാനം നൽകിയിരുന്നു. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഉന്നതവിജയം നേടുകയും സ്പോർട്ട് ക്വാട്ടയിൽ ധാരാളം കുട്ടികൾ റെയിൽവ്വേ ഉൾപ്പെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി സമ്പാദിക്കുകയും ചെയ്തു.

ആദ്യകാല സ്കൂൾ മാനേജിംഗ് കമ്മറ്റിയുടേയും എച്ച്.എം ആയിരുന്ന ഗോപി സാറിന്റേയും അക്ഷീണമായ പരിശ്രമഫലമാണ് ഇന്നീ കാണുന്ന സ്ഥാപനങ്ങൾ വളരെ പ്രമുഖരായ അധ്യാപകർ ഇവിടെ സേവനം അനുഷ്ഠിച്ചിരുന്നു. കായിക മേഖലയ്ക്ക് പുത്തനു ണർവ്വ് നൽകാൻ മിനി ബാസ്കറ്റ് ബോൾ കോർട്ട് സ്ഥാപിച്ചത് സഹായമായി. ദേശീയ ടൂർണമെന്റുകൾ, സംസ്ഥാനതല മത്സരങ്ങൾ എന്നിവയ്ക്ക് സ്കൂൾ വേദിയായി.

സ്കൂളിലെ ജീവശാസ്ത്രം അധ്യാപകനായിരുന്ന ശ്രീ.വി.ദിനക രൻ സാർ 1982 ൽ അമ്പലപ്പുഴ എം.എൽ.എ ആയത് ശ്രദ്ധേയമാ ണ്.

ഹിന്ദി അദ്ധ്യാപകനായിരുന്ന ശ്രീ.രവികുമാർ സാറിന്റെ നേതൃ ത്വത്തിൽ എൻ.സി.സി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു.

ഈ സരസ്വതി ക്ഷേത്രം 2000 ൽ 32 ഡിവിഷനുമായി തല ഉയർത്തി നിന്നു. സ്കൂൾ തുടങ്ങി 4 വർഷത്തിനുശേഷമാണ് ഇന്നീ കാണുന്ന സ്കൂൾ കെട്ടിടം നിലവിൽ വന്നത്. കെട്ടുതെങ്ങുവ്യവസ്ഥ യിലാണ് സ്കൂൽ പണിതത്. കടലോര പ്രദേശത്തെയും കാർഷിക മേഖലയിലേയും സാമ്പത്തികമായി പിന്നോക്ക മേഖലയിലേയും കുട്ടി കളായിരുന്നു ഇവിടുത്തെ പഠിതാക്കൾ.

അച്ചടക്കത്തിന്റെ ഭാഗമായി 88-89 വർഷത്തിൽ സ്കൂളിൽ യൂണിഫോം ഏർപ്പെടുത്തി. 2005-2006 വർഷംസ്കൂളിൽആദ്യമായിഇംഗ്ലീഷ് മീഡിയം നിലവിൽ വന്നു.2005 -2006 ൽ പി.ടി.എ യുടെ സഹായത്തോടെ കൂടി എച്ച്.എം.ന്റെ മുറി നവീകരിക്കുകയും, സൈക്കിൾ ഷെഡ് നിർമ്മിക്കുകയും ചെയ്തു. 2008 ൽ ശ്രീ.വി.എം.സുധീരൻ 10 കമ്പ്യൂട്ടറുകൾ അനുവദിച്ചു. ശ്രീ.ഡി.സുഗതൻ എം.എൽ.എ 3 കമ്പ്യൂട്ടറുകൾ അനുവദിച്ചു. ശ്രീ.ജി.സുധാകരൻ എം.എൽ.എ 5 കമ്പ്യൂട്ടറുകൾ അനുവദിച്ചു. 2009 ൽ സഹകരണ വകുപ്പ് മന്ത്രിയാ യിരുന്ന ശ്രീ.ജി.സുധാകരന്റെ താല്പര്യ പ്രകാരം സ്കൂളിൽ സുനാമി കെട്ടിടം നിർമ്മിച്ചു. ശ്രീ.വേണുഗോപാൽ എം.പി 10 കമ്പ്യൂട്ടറുകൾ സ്കൂളിന് നൽകി.

2011 ൽ ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ശൗചാലയം നിർമ്മിച്ചു. 2013 ൽ പി.ടി.എ യുടെ സഹായത്തോടുകൂടി ഭക്ഷണ ശാല നിർമ്മിച്ചു. മഴയും വെയിലും ഏൽക്കാതെ ഭക്ഷണം വാങ്ങുന്ന തിന് പന്തൽ നിർമ്മിച്ചു. 2015 ൽ നടന്ന ദേശീയ ഗെയിംസിൽ റൺ

കേരള റണ്ണിൽ പങ്കാളികളായി. ഫിഫ ജൂനിയർ വേൾഡ് കപ്പിന്റെ ഭാഗ മായി വൺ മില്യൺ ഗോൾ എന്ന പരിപാടിയിൽ സ്കൂളിലെ അധ്യാപ കരും കുട്ടികളും പങ്കെടുത്തു. ആലപ്പുഴ റവന്യൂ ജില്ലാ കലോത്സവം, ഉപജില്ലാ കലോസ്തവം, വിദ്യാരംഗം സാഹിത്യോത്സവം, ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര മേളകൾ, പ്രവൃത്തി പരിചയമേള,. പഞ്ചായത്ത് ബ്ലോക്ക് തല കേരളോത്സവങ്ങൾ എന്നിവയ്ക്ക് ഈ സ്കൂൾ ആതിഥ്യം അരുളി. കുട്ടികളുടെ കലാ-കായിക-ശാസ്ത്ര സാങ്കേതിക മേഖലയിൽ മികവ് പുലർത്തുന്ന കെയ്യെഴുത്ത് മാസിക നിർമ്മാണം, മനോരമയുടെ നല്ല പാഠം പദ്ധതിയിലെ മികവിന് ജില്ലാ തലത്തിൽ എ-പ്ലസ് ഗ്രഡ് നേടുവാൻ കഴിഞ്ഞു. സ്കൗട്ട് ആൻഡ് ഗൈഡ്സ്, റെഡ് ക്രോസ് എന്നീ യൂണീറ്റുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. നിരവധി കുട്ടികൾ രാജ്യപുരസ്കാർ അവാർഡിന് അർഹരായിട്ടുണ്ട്. എല്ലാ ക്ലബ്ബുകളും സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു. മാനേജ്മെന്റിന്റേയും പി.ടി.എ യുടേയും സഹായ ത്തോടെ അധ്യാപകർ ധാരാളം നല്ല പ്രവൃത്തികൾ ചെയ്യുന്നുണ്ട്. ഹാസ്യ നടൻ ശ്രീ.വെട്ടൂർ പുരുഷൻ, മലയാള സാഹിത്യ ലോകത്തെ കുലപതികളായശ്രീ.ചെമ്മനംചാക്കോ,ഗാനരചയിതാവ്ശ്രീ.വയ ലാർ ശരത് ചന്ദ്രവർമ്മഎന്നിവരെത്തി കുട്ടികളുമായി സംവാദം നടത്തി.

സിനിമാരംഗത്തെ ഹാസ്യനടന്മാരായ പുന്നപ്ര പ്രശാന്ത്, മധു, മനോജ് എന്നിവർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. വിവിധ മേഖലയിൽ ഇവിടുത്തെ പൂർവ വിദ്യാർത്ഥികൾ ഉന്നത സ്ഥാനം അലംങ്കരിക്കുന്നു. 2017 മെയ് മാസത്തിൽ സ്കൂളിൽ പൂർവ വിദ്യാർത്ഥി സംഗമം നടത്തി. സ്കൂൾ ഹൈ-ടെക് പദ്ധതിയോട് നല്ലവരായ നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ , പൂർവ്വ അധ്യാപകർ, മാനേജ് മെന്റ് നിലവിലെ അധ്യാപകർ, അനധ്യാപകർ പി.ടി.എ എന്നിവർ സഹ കരിക്കുന്നു. സ്കൂൾ സമ്പൂർണ്ണ ഹൈ-ടെക്ക് ആക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**കുട്ടികളുടെ സർഗ്ഗാത്മക മികവുകളും, മെച്ചപ്പെടുത്തലും**

കുട്ടികളുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. കലാ കായിക ഇനങ്ങളിൽ സബ് ജില്ലാ തലം മുതൽ സംസ്ഥാന തലം വരെ ഞങ്ങളുടെ കുട്ടികൾ അഭിമാനാർഹമായ നേട്ടങ്ങൾ കെവരിക്കുവാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യ തൊഴിലാളികളുടെ മക്കളാണ് ഈ സ്കൂളിൽ ഭൂരിഭാഗവും പഠിക്കുന്നത്. കുട്ടികളുടെ കഠിന പരിശ്രമവും അദ്ധ്യാപകരുടേയും, മാനേജ്മെന്റിന്റേയും പിടി.എ യുടേയും പ്രോത്സാഹനവും സഹായ സഹകരണവും ഈ നേട്ടത്തിന് പിന്നിലുണ്ട്.

ദേശീയ മാരത്തോൺ താരം ചാക്കോ, പ്രസിദ്ധ മജീഷ്യൻ രതീഷ് പുന്നപ്ര, കോമഡി ആർട്ടിസ്റ്റുകളായ പ്രശാന്ത്, മധു, മനോജ്, പ്രസിദ്ധ ചരിത്രകാരൻ ഡോ.എസ്.ദേവസാഗർ, തിരക്കഥാകൃത്ത് അനിൽ ഇവരെല്ലാം ഈ സ്കൂളിന്റെഅഭിമാനത്തെ പടുത്തുയർത്തിയ പൂർവ്വവിദ്യാർത്ഥികളാണ്.അവരെ പരിപോഷിപ്പിച്ച ഈ സ്കൂളിലെ മുൻകാല അദ്ധ്യാപകരുടെ സേവനവും അനുസ്മരണീയമാണ്. തുടർന്ന് ഈ പാരമ്പര്യം

നിലനിർത്തുകയും സർഗ്ഗ ശേഷിയുള്ള പുതു തലമുറയെ വാർത്തെടുക്കുകയും ചെയ്തു.നൃത്ത രംഗത്ത് കലാതിലക മായ ഐശ്വര്യരാജ്, ഓടക്കുഴലിൽ സംസ്ഥാന ജേതാവായ വിധു കൃഷ്ണ, മിമിക്രി താരങ്ങളായ അരുൺ, മഹാദേവൻ, ടി.വി ചാന ലിൽ തിളങ്ങി നിൽക്കുന്ന അനന്തൻ എസ്.മധു, രഞ്ജിത്ത് എന്നിവർ ഉത്തമ ഉദാഹരണങ്ങളാണ്.

| നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|
| കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശൗചാലയം ഇല്ല.<br>നിലവിലുള്ളത് :-ആൺ-ടോയ്‌ലറ്റ് 2,യൂറിനൽ 14<br>പെൺ-ടോയ്‌ലറ്റ് 4,യൂറിനൽ 13 | എല്ലാ വിധ സൗകര്യങ്ങളോടു കൂടിയ 50 ബാത്ത് റൂമുകൾ |
| കുട്ടികൾ ഭക്ഷണം കഴിക്കുന്നത് ക്ലാസ്സ്റൂമുകളിൽ ഇരുന്നാണ് | പാചകപ്പുരയോട് ചേർന്ന ഡെനിംഗ് ഹാൾ |
| ധാരാളം കുട്ടികൾ വളരെ ദൂരംനടന്നാണ് സ്കൂളിൽ എത്തുന്നത്. | വാഹന സൗകര്യം |
| പഠന സാമഗ്രികൾ സൂക്ഷിക്കുവാനുള്ള സൗകര്യം അപര്യാപ്തം | ഷെൽഫുകൾ |
| ഐ.ടി അനുബന്ധ ഉപകരണങ്ങൾ കുറവാണ്. | ക്ലാസ്സ് റൂമുകൾക്ക് ആനുപാതികമായി ഐ.ടി ഉപകരണങ്ങൾ |
| കലാ പഠനത്തിന് ആവശ്യമായ റൂമുകൾ ഇല്ല | എല്ലാ ആധുനിക സംവിധാനങ്ങളോടുകൂടിയ മുറികൾ |
| മാലിന്യ നിർമ്മാർജ്ജനത്തിനുള്ള അപര്യാപ്ത | ബയോ ഡെവേഴ്സിറ്റി പാർക്ക് |
| ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം | ബയോഗ്യാസ് പ്ലാന്റ് |
| അസംബ്ലി കൂടുന്നത് ഗ്രൗണ്ടിൽ | അസംബ്ലി ഹാൾ |
| ലൈബ്രറി പുസ്തകങ്ങളുടെ അപര്യാപ്തത | ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി |
| ഭിന്നശേഷിക്കാരായ കുട്ടികളെ പരിഗണിക്കത്തക്ക സൗകര്യങ്ങളുടെ അപര്യാപ്തത. | ഡിജിറ്റൽ ലൈബ്രറി ഉപകരണങ്ങൾ |
| ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റിസോഴ്സ് പേഴ്സന്റെ സേവനം ആഴ്ചയിൽ രണ്ട് ദിവസം മാത്രം | എല്ലാ പ്രവൃത്തി ദിവസവും |

## സ്കൂൾ ഡാറ്റ

| വിഷയം | അധ്യാപകർ | അനധ്യാപകർ |
|---|---|---|
| എച്ച്.എം | 1 | ക്ലർക്ക് - 1 |
| മലയാളം | 5 | O.A-2 |
| ഇംഗ്ലീഷ് | 5 | FTM- 1 |
| ഹിന്ദി | 2 | |
| എസ്.എസ് | 4 | |
| ബയോളജി | 3 | |

| | | |
|---|---|---|
| കെമിസ്ട്രി | 2 | |
| ഫിസിക്സ് | 2 | |
| കണക്ക് | 5 | |
| പ്രവർത്തി പരിചയം | 1 | |
| കലാ പഠനം | 1 | |
| കായികം | 1 | |

**കുട്ടികളുടെ എണ്ണം**

**2025-2026**

| ക്ലാസ്സ് | Boys | Girls | SC | ST | OEC | OBC | Total |
|---|---|---|---|---|---|---|---|
| VIII | 112 | 107 | 4 | 1 | 31 | 173 | 219 |
| IX | 126 | 105 | 13 | 2 | 29 | 174 | 231 |
| X | 109 | 132 | 15 | | 34 | 185 | 241 |

## സ്കൂൾ ഭാവിയിൽ എങ്ങനെയായി തീരണം

- സമീപത്തെ മുഴുവൻകുട്ടികളേയും ആകർഷിക്കത്തക്ക രീതിയിലായിരിക്കണം സ്കൂൾ.
- ഹൈ.ടെക്ക് ലാബ് -കുട്ടികളുടെ തനത് കഴിവുകൾ കണ്ടെത്തി അതാത് മേഖലകളിൽ പരിപോഷിപ്പിക്കും.
- ശുചിത്വമിഷൻ- ജൈവ- അജൈവമാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം സ്കൂൾ കാമ്പസിൽ ഉണ്ടാകും.
- ജനായത്ത വിദ്യാലയ സങ്കല്പം വികസിപ്പിക്കും,സ്കൂൾപാർലമെന്റ് പ്രവർത്തനം ശക്തമാക്കും.
- സ്ത്രീ പുരുഷ സമത്വം മതേതരത്വം, മാനവികത എന്നിവ സ്വാംശീകരിക്കുന്നതിന് സ്കൂൾ പാർലമെന്റ് വേദി ഒരുക്കും.
- ഗവേഷണാത്മകമായി ഇടപെടുന്നതിനു വേണ്ട സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കും.
- കായികക്ഷമത ഉറപ്പിക്കുന്നതിന് സമഗ്ര പരിപാടി നടപ്പിലാക്കും.
- കൃഷിയേയും മാലിന്യ മാനേജ്മെന്റിനേയും ഉദ്ഗ്രഥിത കൃഷി രീതികൾ (പ്രായോഗികമായി പരിചയപ്പെടുത്തും)
- കാമ്പസ് തന്നെ പാഠ പുസ്തകം എന്ന ആശയം സാക്ഷാത്കരിക്കത്തക്ക രീതിയിൽ ജൈവ വൈവിദ്ധ്യ ഉദ്യാനം നിലവിൽ വരും.

- പഠനത്തിൽപിന്നോക്കംനിൽക്കുന്നവർക്ക്പ്രത്യേകപരിഗണന നൽകും.
- ഭിന്നശേഷിക്കാർക്കായി പരിശീലനം ലഭിച്ച അധ്യാപകരെ നിയമിച്ച് അവരുടെ കഴിവുകൽ വർദ്ദിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കും.
- പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാങിംഗ് ഗാർഡൻ സ്ഥായിയായ ഊർജ്ജ ലഭ്യത സോളാർ പാനൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ.
- ഫസ്റ്റ് എയിഡ് റൂം.
- ആരും പിന്നിലല്ല എന്ന സമീപനത്തെ വിളംബരം ചെയ്യുന്ന ക്ലാസ്സ് റൂം ലേ ഔട്ട്.
- ഓരോ ക്ലാസ്സ് മുറിയുടേയും പുറത്ത് ക്ലാസ്സ് മികവുകൾ കുട്ടിക ളുടെ ഉല്പ്പന്നങ്ങൾ അറിയിപ്പകൾ സർഗ്ഗാത്മകത സൃഷ്ടികൾ എന്നിവ പ്രദർശിപ്പിക്കുന്നതിനായുള്ള ബുള്ളറ്റിൻ ബോർഡ്.
- കൗൺസിലിംഗ് ബോർഡ്.
- സ്കൂൾ ഇൻഫർമേഷൻ സിസ്റ്റം.
- സ്കൂൾ ഗ്രൗണ്ടിൽ ഗ്യാലറി.
- നാടൻ കളികൾകരാട്ടെ യോഗ, കളരി എന്നിവ പരിശീലിപ്പിക്കുന്ന തിലുള്ള സംവിധാനങ്ങൾ.
- സാംസ്കാരിക ചരിത്ര ശാസ്ത്ര ഫോട്ടോഗ്യാലറി
- ചരിത്രമ്യൂസിയം

## 2.അവസ്ഥാവിശകലനവും മുൻഗണനകളും

### പ്രശന്ങ്ങളും വെല്ലുവിളികളും

- ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ വേണ്ട രീതിയുള്ള ക്ലാസ്സ് റൂം ലാബുകളുടെ അഭാവം.
- ഭാഷാ വിഷയങ്ങളും ഗണിതവും കളികളിലൂടെ പഠിപ്പിക്കുവാനുള്ള സാഹചര്യത്തിന്റെ അഭാവം.
- കുട്ടികൾക്ക് ഇംഗ്ലീഷ് കൈകാര്യം ചെയ്യാനാവശ്യമായ സന്ദർഭങ്ങൾ പരിമിതമായ സമയങ്ങളിൽ ലഭ്യമല്ല.
- ക്ലാസ്സ് റൂം ലൈബ്രറിയുടെ ആവശ്യകത.
- അധ്യാപകർക്കുള്ള ഗ്രാന്റിന്റെ കുറവ് സമയത്ത് കിട്ടാത്ത അവസ്ഥ.
- കുട്ടികൾക്ക് അഭിരുചിക്ക് അനുസരിച്ച് ഉയരാൻകഴിയാത്ത സാഹചര്യം.
- സാമ്പത്തിക -കുടുംബ സാഹചര്യം തടസ്സം നിൽക്കുന്നു.
- അടിസ്ഥാന വിദ്യാഭ്യാസം ശരിയായ രീതിയിൽ ലഭിക്കാത്ത വിദ്യാർത്ഥികളുടെ ബാഹുല്യം, അക്കാദമിക്ക് പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നു.
- രക്ഷിതാക്കളുടെ സാമ്പത്തിക പ്രയാസം ജീവിതദുരിതം,വിദ്യാർത്ഥികളുടെ പഠന സാഹചര്യത്തിന് പ്രതിബന്ധം
- സാമൂഹിക ശാസ്ത്ര ലാബിന്റെ അപര്യാപ്തത.
- 2025-26 അധ്യയന വർഷത്തിലേക്ക് പുതിയതായി അതിഥി തൊഴിലാളികളുടെ മക്കളും ഭിന്നശേഷിക്കാരും പ്രത്യേക പരിഗണന വിഭാഗത്തിൽപ്പെട്ട കുട്ടികളും അഡ്മിഷൻ എടുത്തിട്ടുണ്ട്. പാഠ്യപദ്ധതിയുമായി ഒത്തുചേരുന്നതിനുള്ള ബുദ്ധിമുട്ട് സാമൂഹ്യ ഇടപെടലുകളുടെ കുറവ് മുതലായ അവസ്ഥ നിലവിലുണ്ട്.
- പരീക്ഷയിൽ 30% മാർക്കിൽ താഴെ ലഭിക്കുന്ന കുട്ടികൾക്കായുള്ള പഠന പിന്തുണ.
- ഭിന്നശേഷി ,C W S N കുട്ടികൾക്കായുള്ള പഠനപ്രവർത്തനങ്ങൾ ,സ്പെഷ്യൽ കെയർ

## പ്രശ്നവിശകലനം- പ്രശ്നങ്ങളും വെല്ലുവിളികളും

## മേഖല: കലാ-കായികം

**പ്രശ്നം:-**

1. എല്ലാ കുട്ടികളുടേയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| **കുട്ടികൾ**<br>സ്വന്തം കഴിവുകൾ കുട്ടി കൾ തിരിച്ചറിഞ്ഞിട്ടില്ല.<br>**അധ്യാപകർ**<br>എല്ലാവരേയും പരിഗണിക്കുന്നില്ല. എല്ലാവരും പങ്കെടുക്കമെന്ന് നിർകർഷയില്ല.<br>**രക്ഷിതാക്കൾ**<br>കുട്ടിയുടെ കഴിവുകൾ തിരിച്ചറിഞ്ഞിട്ടില്ല.കലാപഠനം പ്രധാനമാണെന്ന് അറിയില്ല . സ്കൂളിലുള്ള പ്രവർത്തനങ്ങളെകുറിച്ച് അറിയില്ല. | കുട്ടിയുടെ കഴിവ് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ സംഘ ടിപ്പിക്കുക. കുട്ടികൾക്ക് കലാപഠനത്തിന് അവസ രമൊരുക്കുക. രക്ഷിതാക്കൾക്ക് ബോധ വൽക്കരണം , കലാ പ്രകടനങ്ങൾക്ക് അവസ രമൊരുക്കുക. | ടാലന്റ് ലാബ്പി.ടി.ഐ ബോധവൽക്കരണം (കല) |

2. പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനാനുഭവങ്ങൾ നൽകാനുള്ള അധ്യാപകർ, ഭൗതീക സൗകര്യം എന്നിവയില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| **അധ്യാപകർ**<br>മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്ക് കലാപഠനത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല.<br>**രക്ഷിതാക്കൾ**<br>പാഠ്യപദ്ധതിയെക്കുറിച്ച് ബോധവാനല്ല, കുട്ടിയുടെ പഠനത്തിൽ ഇട പെടുന്നില്ല. | പരിശീലനഹാൾ സംഗീത ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക പരിശീലന ക്യാമ്പുകൾ സംഘ ടിപ്പിക്കുക. | സ്കൂൾ നാടക വേദി, കഥാ, കവിത, ക്യാമ്പുകൾ,പാവനാടകം, സംഗീത ഉപകരണ പഠനം |

## പ്രശ്നവിശകലനം- പ്രശ്നങ്ങളും വെല്ലുവിളികളും

## മേഖല:അക്കാദമികം

## വിഷയം:-മലയാളം

| രീതി | പ്രശ്നം | കാരണം | പരിഹാരം |
|---|---|---|---|
| ക്ലാസ്സ് സമയങ്ങളിൽ കുട്ടികൾ താല്പര്യമില്ലാതെയിരിക്കുന്നു | ഭൗതിക സാഹചര്യങ്ങൾ, അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ അപാകത | ദാരിദ്ര്യം, കുടുംബവഴക്ക്,താഴ്ന്നക്ലാസ്സുകളിൽ അക്ഷര പഠനത്തിന്റെ അപാകത | കുട്ടികൾക്കും മാതാപിതാക്കൾക്കും ശരിയായ മാർഗനിർദ്ദേശം നൽകൽ അക്ഷരം ഉറപ്പിക്കൽ |
| പുസ്തക വായന കുറയുന്നു | പാഠ പുസ്തകവും മറ്റ് കഥാപുസ്തകവും വായിക്കാൻ ഇഷ്ടപ്പെടുന്നില്ല. | കുട്ടികൾ ടി.വി, കമ്പ്യൂട്ടർ, മൊബൈൽ എന്നിവ ഇഷ്ട പ്പെടുന്നു. | ചെറിയ ക്ലാസ്സ് മുതൽ വായനാശീലം വളർത്തുക. മീഡിയയുടെ അതിപ്രസരണം നിർത്തലാക്കുക. |
| പഠനത്തെ ശരിയായരീതിയിൽ ഉൾക്കൊള്ളുന്നില്ല. | കുട്ടികൾ ക്ലാസ്സിൽ കളിയും അശ്രദ്ധയും കാണിക്കുന്നു | പാഠഭാഗങ്ങൾ ചിലതൊക്കെ മനസ്സിലാക്കാൻ പ്രയാസപ്പെടുന്നു.ഭിന്നസ്വഭാവക്കാർക്ക് ഉൾക്കൊള്ളാൻ പ്രയാസം | ഭിന്നശേഷിക്കാരെ പരിഗണിക്കണം,കരിക്കുലപരിഷ്ക്കരണം വേണം |
| വ്യാകരണം അറിയില്ല. | താഴ്ന്നക്ലാസ്സുകളിൽവ്യാകരണത്തിന് വേണ്ടത്ര പ്രാധാന്യംനൽകുന്നില്ല. | വ്യാകരണ പഠനം അവ്യക്തമാകുന്നു. | വ്യാകരണം പഠനത്തിന്റെ ഭാഗമാകണം. |

## പ്രശ്നവിശകലനം- പ്രശ്നങ്ങളും വെല്ലുവിളികളും

### മേഖല:അക്കാദമികം

**വിഷയം:-ഇംഗ്ലീഷ്**

| രീതി | പ്രശ്നം | കാരണം | പരിഹാരം |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ അക്ഷര സ്ഫുടതയില്ലാതെ വായിക്കുക | വായന മോശമായതു കൊണ്ട് പഠന നിലവാരം ഉയർത്താൻ സാധിക്കുന്നില്ല. പഠനപ്ര വർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ല.വായന മോശമായതു കൊണ്ട് പഠന നിലവാരം ഉയർത്താൻ സാധിക്കുന്നില്ല. പഠനപ്ര വർത്തനങ്ങൾ സുഗമ മായിമുന്നോട്ട് കൊണ്ടുപോകാൻ കഴി യുന്നില്ല. | ഭൂരിഭാഗം കുട്ടികൾക്കും ഇംഗ്ലീഷ് അക്ഷരമാല അറിയാമെങ്കിലും തെറ്റുകൂടാതെ വായിക്കുവാൻ കഴിയുന്നില്ല. അടിസ്ഥാനപരമായി കുട്ടികൾ നേടേണ്ട പഠന നേട്ടങ്ങൾ നേടിയിട്ടില്ല. കുട്ടികൾക്ക് പാഠപുസ്തകമല്ലാതെ മറ്റ് പുസ്തകങ്ങളോ, മാസികകളോ ലഭ്യമല്ല.പാഠപുസ്തകം വായികാൻ കുട്ടികൾക്ക് താല്പര്യം വളരെ കുറവാണ്. | കുട്ടികൾക്ക് വായനയിലുള്ള അഭി രുചി വർദ്ധിപ്പിക്കുക. അതിനായി ചിത്രകഥകൾ, ഗുണപാഠ കഥകൾ ഈസോപ്പകഥകൾ , മാസികകൾ ( മാജിക് പോട്ട്, ട്വിങ്കിൾ) ലഭ്യമാക്കുക,ക്ലാസ്സ് റൂം, ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങളുടെ ഒരു മികച്ച ശേഖരണം ഉണ്ടായിരിക്കണം. |
| ക്ലാസ്സിൽ അശ്രദ്ധയായി ഇരിക്കുക | ഇംഗ്ലീഷ് വായിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല. | കുട്ടികൾക്ക് പാഠഭാഗം മനസ്സിലാക്കുവാൻ പറ്റുന്നില്ല. പാഠപുസ്തകത്തിൽ ഉള്ള ഖണ്ഡികയോ വാചകമോ മനസ്സിലാക്കി ചോദ്യങ്ങൾക്കുത്തരം എഴുതുവാൻ സാധിക്കാത്തത് വായനാശീലംഇല്ലാത്തു കൊണ്ടാണ്. | ഒരു ഖണ്ഡിക നൽകി കൊണ്ട് അതിനെ ആസ്പദമാക്കി ചോദ്യങ്ങൾ തയ്യാറാക്കി കൊടുക്കുക. സംഭാഷണം , പത്ര റിപ്പോർട്ട് ,ഡയറി ,റോൾ പ്ലേ ,ഓഡിയോ ക്ലിപ്പ് കുട്ടികളെ കേൾപ്പിക്കുകയും അവരെ കൊണ്ട് അതിൽ നിന്നും പരമാവധി വാക്കുകൾ കണ്ടുപിടിച്ച് എഴുതുവാൻ പറയുക.ഇംഗ്ലീഷി ലുള്ള ഹ്രസ്വ ചിത്രങ്ങൾ കാണിച്ച മനസ്സിലാക്കിയത് പറയിപ്പിക്കുക. |

| | | | |
|---|---|---|---|
| നോട്ട്ബുക്കുകൾ പൂർണ്ണമല്ല | ഇംഗ്ലീഷ്ഭാഷ അക്ഷരതെറ്റ് കൂടാതെ എഴുതാൻ സാധിക്കുന്നില്ല.അതിനാൽ കുട്ടികൾ എഴുതുവാൻ മടികാണിക്കുന്നു | വാക്കുകൾ തെറ്റുകൂടാതെ എഴുതാൻ സാധിക്കുന്നില്ല. | ചിത്രങ്ങൾ കാണിച്ച് കുട്ടികളെ കൊണ്ട് വാക്കുകളുംഎഴുതിപ്പിക്കുന്നു. വാക്കുകളിൽ നിന്ന് വാചകവും വാചകത്തിൽ നിന്ന് ഖണ്ഡികയുംതയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു. ക്രമേണ പഠന പ്രവർത്തനങ്ങൾ എഴുതുവാൻ പരിശീലിപ്പിക്കുന്നു.ഒരുദിവസം ഒരു വാക്ക് കുട്ടി പഠിക്കുകയും അത് വാചകങ്ങളിൽ ഉപയോഗിക്കാൻ പരിശീലിക്കുക. |
| ക്ലാസ്സ്റൂം പ്രവർത്തനം സുഗമമായി നടത്തുന്നതിൽ വിഘ്ന മുണ്ടാക്കുക. | സ്വയം പഠിക്കാതിരിക്കുകയും മറ്റ് കുട്ടികളെ പഠിക്കുന്നതിൽ നിന്നും അവരെ പിൻതിരിപ്പിക്കുക. | വായിക്കാനും എഴുതാനും ഉള്ള പിന്നോക്കാവസ്ഥ, ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങൾ , കുടുംബ പശ്ചാത്തലം | പഠന പ്രവർത്തനങ്ങൾ എ.സി.റ്റി സഹായത്തോടുകൂടി രസകരമാക്കുക. ഹ്രസ്വചിത്രങ്ങൾ, ഓഡിയോ, വീഡിയോ ക്ലിപ്പുകൾ ചെറുനാടകങ്ങൾ പഠനത്തിൽ ഉൾപ്പെടുത്തുക.കുട്ടികളെ ഇംഗീഷ് ഭാഷയോട് ഉള്ള സ്നേഹവും ദേശസ്നേഹവും വളർത്തുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുക.ഓരോ കുട്ടിയും വ്യത്യസ്തമാണെന്നും അവരുടെ കഴിവിനെ പരമാവധി പരിപോഷിപ്പിച്ച് നിലവാരം ഉയർത്താനുംശ്രമിക്കുക. അതോടൊപ്പം തന്നെ കുട്ടികളെ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും വേണം. |

## പ്രശ്നവിശകലനം- പ്രശ്നങ്ങളും വെല്ലുവിളികളും

### മേഖല:അക്കാദമികം

### വിഷയം:-കണക്ക്

| പ്രശ്നം | കാരണം | പരിഹാരം |
|---|---|---|
| അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുന്നതിൽ പിന്നോക്കം | ചതുഷ് ക്രിയകളുടെ അറിവില്ലായ്മ | അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. |
| കുട്ടികൾ ക്ലാസിൽ താല്പര്യമില്ലാതെ ഇരിക്കുന്നു | ഗണിതം പഠിക്കുന്നതിനുള്ള ബുദ്ധിമുട്ട്,ഭയം, അവഗണന | ഗുണനപ്പട്ടിക മനപ്പാഠമാക്കുക ചതുഷ്ക്രിയകൾ കൊണ്ടുള്ള പ്രവർത്തനം കണക്കിലെ കളികൾ കടം കഥകൾ പസ്സിൽ ഗെയിം കവിതകൾ ഇവയിലൂടെ ഗണിത ത്തോടുള്ള അഭിരുചി വർദ്ധിപ്പിക്കുക. |
| ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ പ്രയാസം നേരിടുന്നു. | താഴ്ന്ന ക്ലാസ്സുകളിലെ പരിശീലനകുറവ് | കുട്ടികളെ ചോദ്യങ്ങൾ ചെയ്തു പരിശീലിപ്പിക്കുന്നതിന് രക്ഷിതാക്കൾക്ക് നിർദ്ദേശം നൽകുക. |

## പ്രശ്നവിശകലനം- പ്രശ്നങ്ങളും വെല്ലുവിളികളും

**മേഖല:അക്കാദമികം**

**വിഷയം:-അറബി**

| രീതി | പ്രശ്നം | കാരണം | പരിഹാരം |
|---|---|---|---|
| പഠിപ്പിക്കുമ്പോൾ അശ്രദ്ധമായി ഇരിക്കുന്ന കുട്ടികൾ | ഭൗതീക സാഹചര്യങ്ങൾ അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ കുറവ് | താഴ്ന്ന ക്ലാസ്സുകളിലെ അക്ഷര പഠനത്തിന്റെ അപാകത കുടുംബവഴക്ക് | കുട്ടിക്കും മാതാപിതാക്കൾക്കും ശരിയായ മാർഗനിർദ്ദേശം നൽകുക.അക്ഷരാഭ്യാസം കൊടുക്കുക. |
| പുസ്തകവായന കുറയുന്നു | പാഠപുസ്തകങ്ങളും മറ്റുപുസ്തകങ്ങളും വായിക്കുന്നില്ല | ആധുനികമീഡിയകളുടെ അതി പ്രസരണം | താഴ്ന്ന ക്ലാസ്സുകൾ മുതൽ വായന ശീലം വളർത്തുക |
| പഠനത്തെ ശരിയായ രീതിയിൽ ഉൾക്കൊള്ളുന്നില്ല | ക്ലാസ്സിൽ കുട്ടികൾ കളിയും അശ്രദ്ധയും കാണിക്കുന്നു. | പാഠഭാഗങ്ങൾ കുട്ടികൾക്ക് ചിലതൊക്കെ മനസ്സിലാക്കാൻ പ്രയാസപ്പെടുന്നു.ഭിന്ന സ്വഭാവക്കാർക്ക് ഉൾക്കൊള്ളാൻ പ്രയാസം | ഭിന്നശേഷിക്കാരെ പരിഗണിക്കണം കരിക്കുലം പരിഷ്ക്കരിക്കണം |

**പ്രശ്നവിശകലനം- പ്രശ്നങ്ങളും വെല്ലുവിളികളും**

**മേഖല:അക്കാദമികം**

**വിഷയം:-ഹിന്ദി**

| രീതി | പ്രശ്നം | കാരണം | പരിഹാരം |
|---|---|---|---|
| ഹിന്ദിഭാഷാ അക്ഷകസ്പ്ഷടതയില്ലാതെ തെറ്റായി എഴുതുകയും വായിക്കുകയും ചെയ്യുന്നു. | ഹിന്ദിഭാഷാ പഠനം ഫലപ്രദമാകുന്നില്ല. | അടിസ്ഥാനപരമായി നേടേണ്ട അറിവ് കുട്ടികൾ നേടിയിട്ടില്ല | ഹിന്ദിഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തി യെടുക്കുന്ന സാഹചര്യം ഒരുക്കുക. |

# 3.ലക്ഷ്യങ്ങൾ

## അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രസക്തി

2025-26 അക്കാദമിക വർഷം സമഗ്രഗുണമേന്മാ വർഷമാണ്. പാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരം 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയ പ്രക്രിയയിലും മാറ്റങ്ങൾ ഇതിനകം വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടു കൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതിക്കായി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ 22/03/2025 ൽ സ.ഉ(സാധാ).നം.2182/2025/പൊ.വി.വ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.സ്കൂൾവർഷാരംഭത്തിൽ കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ, സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ എന്നിവയുടെ പൊതുമാർഗ്ഗരേഖ പൊതുവിദ്യാഭ്യാസവകുപ്പ് തയ്യാറാക്കി സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. ഇതിലൂടെ കുട്ടികളിൽ വികസിക്കേണ്ട ധാരണകൾ പഠന പ്രവർത്തനങ്ങളിൽ ഉൾച്ചേർത്ത് എങ്ങനെയെല്ലാം വികസിപ്പിക്കാമെന്നതും പ്രധാനമാണ്. ഇക്കാര്യങ്ങളെല്ലാം അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമായി മാറേണ്ടതുണ്ട്. പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായുള്ള പ്രതേക പദ്ധതി, തീരദേശ മേഖലയിലെ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി, അതിഥി തൊഴിലാളികളുടെ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി തുടങ്ങിയവ ഇതിൽ ഉൾപെടുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ

സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്രവികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്തപ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ സ്ഥാപനത്തിന്റെയും അക്കാദമിക ആസൂത്രണത്തിനും സ്വയം സജ്ജമാകലിനും സഹായകമായ അക്കാദമിക ചട്ടക്കൂടാണ്.

വ്യക്തിഗത, വിഷയതല, ക്ലാസ്സ്തല അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി അവ ഉദ്ഗ്രഥിച്ചാകണം സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടത്.

**സമഗ്രഗുണമേന്മാ വർഷം**

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട്. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ നമുക്ക് കഴിയണം. അതിന്റെ ഭാഗമായാണ് ഈ വർഷം 'സമഗ്രഗുണമേന്മാവർഷ മായി പരിഗണിക്കുന്നത്. ഓരോ കുട്ടിയും അതത് ക്ലാസ്സിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആർജ്ജിച്ച് മുന്നേറണം. ഇക്കാര്യത്തിൽ അധ്യാപകർക്ക് അതിപ്രധാനമായ ഉത്തരവാദിത്തമുണ്ട്.

കുട്ടികളുടെ സമഗ്രവികാസത്തിൽ ശാരീരിക, ബൌധിക, മാനസിക, വൈകാരിക, സാമൂഹിക ഘടകവികാസമേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. കേവലം വിവരങ്ങളുടെ ശേഖരണവും അറിവിന്റെ ഉത്പാദനവും മാത്രമായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തരുത്.

അറിവെന്നാൽ പാഠപുസ്തകങ്ങളിൽ നിന്നു മാത്രം ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. പാഠപുസ്തകങ്ങളിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്ഫുരണങ്ങൾ സൃഷ്ടിക്കണം. ജീവിതം കെട്ടിപ്പടുക്കുക എന്നതാവണം പഠനത്തിന്റെ ലക്ഷ്യം. അതിന് അറിവ് മാത്രം മതിയാകില്ല. വിവേകവും വിവേചനബുദ്ധിയും സഹജീവിസ്നേഹവും വിമർശനാത്മകബുദ്ധിയും എല്ലാം കുട്ടികളിൽ അങ്കുരിക്കുകയും വികസിക്കുകയും വേണം. ആ നിലയിലേക്ക് കുട്ടികളുടെ ചിന്താശേഷിയെ വളർത്താനും വികസിപ്പിക്കാനും കഴിയേണ്ടതുണ്ട്. മാനവീകതയുടെയും സ്നേഹത്തിന്റെയും മതനിരപേക്ഷചിന്തയുടെയും ജനാധിപത്യബോധത്തിന്റെയും പ്രകാശത്തിലേക്കാണ് കുട്ടികൾ വളരേണ്ടത്. അത്തരം അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കുന്ന ഇടങ്ങളായി സ്കൂൾ കാമ്പസ്സുകൾ മാറണം. എങ്കിലേ സ്വാംശീകരിക്കുന്ന അറിവുകൾ തിരിച്ചറിവായി വികസിക്കൂ. അറിവുണ്ടാകുകയും തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകാതെ പോവുകയും ചെയ്യുന്നു എന്നതാണ് പരമ്പരാഗത വിദ്യാഭ്യാസത്തിന്റെ പരിമിതിയായി പലരും ചൂണ്ടിക്കാട്ടുന്നത്.

ഔചിത്യബോധം, വിവേകം, വകതിരിവ്, കാര്യകാരണ ബന്ധപരിശോധന, അറിവിന്റെ സാമൂഹിക വിനിയോഗത്തിനുള്ള ശേഷി തുടങ്ങിയവയൊക്കെ ഉണ്ടാകുമ്പോൾ മാത്രമേ ആർജ്ജിക്കുന്ന അറിവ് അർത്ഥപൂർണ്ണമാകൂ. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന നിലപാടുകളും മൂല്യങ്ങളും വളരെ പ്രധാനമാണ്. ഇത്തരം ചിന്തകൾ സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമാകണം. അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കണം. എങ്കിലേ ആർജിക്കുന്ന അറിവ് ജീവിതത്തിൽ ആവശ്യാനുസരണം പ്രയോഗിക്കാനുള്ള കഴിവുണ്ടാകൂ. ഇതിനാകണമെങ്കിലോ ഉന്നതമായ അക്കാദമിക നിലവാരം ആവശ്യമാണ്.

പഠനമെന്നാൽ പരീക്ഷയെമാത്രം ലക്ഷ്യമിടേണ്ട ഒന്നല്ല. ഒരു സമൂഹത്തിൽ എങ്ങനെ ജീവിക്കണം എങ്ങനെ പെരുമാറണം എന്നുള്ളതിന്റെ പരിശീലനക്കളരി കൂടിയാണ് വിദ്യാലയങ്ങൾ. നാം അഭിമാനിക്കുന്ന ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ നിലപാടുകൾ വികസിക്കുന്നത് പൊതു ഇടമായ പൊതുവിദ്യാലയങ്ങളിലാണ്. സമൂഹത്തിൽ കാണുന്ന പലതരം തെറ്റായ പ്രവണതകൾക്കെതിരെയുള്ള നിലപാടുകൾ കൈക്കൊള്ളാനുള്ള പ്രാപ്തി കുട്ടികൾ നേടേണ്ടതുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയെ കാണുന്നത്. ഇതിന്റെ ഭാഗമായാണ് സ്കൂൾ തുറന്ന ആദ്യത്തെ രണ്ടാഴ്ച ചുരുങ്ങിയത് ഒരു മണിക്കൂറെങ്കിലും പൊതുവായ കാര്യങ്ങൾ കുട്ടികളുമായി സംവദിക്കണമെന്ന് സർക്കാർ തീരുമാനിച്ചത്. കാലവർഷം എന്നത് പകർച്ചവ്യാധികളുടെ കൂടി കാലമാണ്. ഈ കാലത്ത് ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുട്ടികൾ അറിയേണ്ടതുണ്ട്. മയക്കുമരുന്ന്/ ലഹരിക്കെതിരായ പ്രവർത്തനങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ അറിയേണ്ടകാര്യങ്ങൾ, വ്യക്തിശുചിത്വവും പരിസരശുചിത്വവും, ഹരിതകാമ്പസും എല്ലാം കുട്ടിയുടെ അറിവിന്റെയും ധാരണയുടെയും ഭാഗമാക്കണം. അതോടൊപ്പം ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം ഇവയെല്ലാം കുട്ടികളുടെ പരിഗണനാവിഷയങ്ങൾ ആക്കിമാറ്റണം. പൊതുമുതൽസംരക്ഷണം, നിയമാവബോധം, കാലാവസ്ഥാ മുൻകരുതൽ ഇവയും ചർച്ച ചെയ്യപ്പെടണം. ചിലയിടങ്ങളിലെങ്കിലും കുട്ടികൾ സംഘം ചേർന്ന് വൈകാരിക നിയന്ത്രണം ഇല്ലാതെ പെരുമാറുന്നത് കാണുന്നുണ്ട്. പരസ്ൂര സഹകരണത്തിന്റെ ഇടങ്ങളായി പൊതുവിദ്യാലയങ്ങൾ എങ്ങനെ മാറ്റാം എന്നതും കൂട്ടായി ആലോചിക്കേണ്ടതുണ്ട്. സാരോപദേശരീതിയിലല്ല ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ആകണം ഇതിലെ നല്ല അംശങ്ങൾ കുട്ടികളുടെ ബോധ്യമാക്കി മാറ്റേണ്ടത്. സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി നിരവധി മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്ത് വിഭാവനംചെയ്യുന്നു. അതിൽ ഏറ്റവും പ്രധാനം അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ്. എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുള്ള പ്രവർത്തനങ്ങളാണ് ക്ലാസ് മുറികളിൽ നടപ്പാക്കേണ്ടത്. വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ ഫലപ്രദമായി നേടണമെങ്കിൽ അതിനുള്ള അക്കാദമിക ആസൂത്രണം സ്കൂളുകളിൽ നടക്കണം. ഫലപ്രദമായ ആസൂത്രണത്തിന്റെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ എല്ലാവിദ്യാലയങ്ങളും ഉണ്ടാക്കണം എന്ന് നിർദ്ദേശിച്ചത്. പാഠ്യപദ്ധതി ചട്ടക്കൂട് നാം ജനകീയ ചർച്ചകളിലൂടെ പരിഷ്കരിച്ചു. അതനുസരിച്ച് 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും മാറിയിട്ടുണ്ട്. നമ്മുടെ സ്കൂളുകളെല്ലാം സാങ്കേതിക വിദ്യാസയഹൃദമായി മാറിയിട്ടുണ്ട്. ഇതെല്ലാം ഉൾച്ചേർത്തു കൊണ്ട് അക്കാദമിക മാസ്റ്റർപ്ലാനുകൾ വികസിപ്പിക്കേണ്ടതുണ്ട്.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മൂല്യനിർണയരീതിയിൽ വലിയമാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. കാണാപ്പാഠം പഠിച്ച് മാർക്ക് നേടിയത് കൊണ്ട് അതിജീവിക്കാവുന്ന ഒരു അവസ്ഥയിൽ അല്ല നിലവിലെ ലോക സാഹചര്യം. വിജ്ഞാന സമൂഹത്തിൽ പ്രശ്നനിർധാരണമാണ് പ്രധാനം. ഡാറ്റകളുടെ ശേഖരണവും വിശകലനവും അതിപ്രധാനമാണ്. ആർജിത അറിവ് ആത്മവിശ്വാസത്തോടെ പ്രശ്നപരിഹരണത്തിന് വിനിയോഗിക്കാൻ കഴിയുന്നുണ്ടോ എന്നാണ് ഇന്ന് നോക്കുന്നത്. ആ തലത്തിലേക്ക് നമ്മുടെ മുഴുവൻ കുട്ടികളും ഉയരണം. അതനുസരിച്ച് മൂല്യനിർണയരീതി മാറണം. നിരന്തര മൂല്യനിർണയം പ്രധാനമാകുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. സമൂഹത്തിന്റെ പങ്കാളിത്തം വളരെ പ്രധാനമാണ്. കേരളീയ സമൂഹം കുട്ടികളുടെ വിദ്യാഭ്യാസത്തെ വളരെ പ്രാധാന്യത്തോടെയാണ് സമീപിക്കുന്നത്.

**സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ**

1. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.

- 1 മുതൽ 12 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ, സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.
- 1 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്നുറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക. അതോടൊപ്പം കോർ വിഷയങ്ങളിലും കുട്ടികൾ മുന്നേറുന്നു എന്നുറപ്പുവരുത്തുക. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ (ഉദാ: ഗണിത പഠനത്തിന് മഞ്ചാടി) നടക്കുന്ന വിദ്യാലയങ്ങളിൽ അവ കാര്യക്ഷമമായി നടപ്പാക്കുക.
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

- ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.
- സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കുവാൻ ആവാസ- പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസ്സിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുക.
- പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യ നിർമ്മാർജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.
- സമഗ്രപഠന പുരോഗതി രേഖ തയ്യാറാക്കി (Holistic Progress Document) ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.

**2. മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക, പരിഷ്കരിക്കുക**

- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളെയും കഴിവുകളെയും കൂട്ടായും വ്യക്തിഗതമായും വിലയിരുത്തുന്ന രീതി അവലംബിക്കുക.
- മൂല്യനിർണ്ണയം എന്നത് കുട്ടികളെ തരംതിരിക്കാനുള്ള ഉപാധി എന്ന നിലയിലല്ല കാണേണ്ടത്. കുട്ടികളുടെ ശക്തിയെ കണ്ടെത്തി കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കാനും പരിമിതികളെ മറികടക്കാനും ആവശ്യമായ പഠന പിന്തുണ നൽകാനും അധ്യാപികയെ/സംവിധാനത്തെ സഹായിക്കുന്ന ഉപാധി എന്ന നിലയിൽ കൂടി പരിഗണിക്കുന്നു എന്നുറപ്പാക്കുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയപ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക. നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയം കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സഹായകമാകും വിധമാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കുക.

- മൂല്യനിർണ്ണയത്തിന്റെ തുടർച്ചയായി കുട്ടികളുടെ പെർഫോമൻസ് കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പഠനപിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ എഴുത്തുപരീക്ഷയിൽ എല്ലാ ക്ലാസിലും കുട്ടികൾ മുപ്പത് ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്യുന്ന എന്ന് ഉറപ്പാക്കേണ്ടതുണ്ട്. കുട്ടികളുടെ സ്കോർ മുപ്പത് ശതമാനമാക്കി കേവലമായി നിജപ്പെടുത്തുക എന്നതല്ല വിഭാവനം ചെയ്യുന്നത്. എല്ലാ കുട്ടികളും അവരുടെ ശേഷിക്കനുസരിച്ച് ഏറ്റവും ഉയർന്ന സ്കോ നേടുന്നു എന്നുറപ്പാക്കാനാണ് ലക്ഷ്യമിടേണ്ടത്.
- മൂല്യനിർണ്ണയം എന്നത് കേവലം എഴുത്തു പരീക്ഷ എന്നതിനപ്പുറത്തേക്ക് വികസിക്കേണ്ടതുണ്ട്.
- കുട്ടികളുടെ വിലയിരുത്തൽ നടത്തിയാൽ സഹിതം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുണ്ട്.
- **<u>മെന്ററിംഗ്:-</u>** മൂല്യനിർണ്ണയം അഥവാ വിലയിരുത്തൽ എന്നാൽ കുട്ടിയെ അറിയൽ ആണ്. കുട്ടിക്കാവശ്യമായ പിന്തുണ ഒരുക്കാൻ സംവിധാനത്തിനുള്ള സൂചകമായി വിലയിരുത്തലിനെ കാണണം. കുട്ടി പ്രതീക്ഷിച്ചതുപോലെ പ്രകടനം കാഴ്ചവയ്ക്കാതിരിക്കുന്നതിന് അക്കാദമികമായും അല്ലാത്തതുമായ കാരണങ്ങൾ ഉണ്ടാകാം. കുട്ടികൾക്ക് പല കാരണങ്ങളാലും ചിലപ്പോഴുണ്ടാകാനിടയുള്ള സമ്മർദ്ദം, ആകാംക്ഷ, പിരിമുറുക്കം എന്നിവയെല്ലാം ഘടകമാകാം. സാങ്കേതിക വിദ്യയുടെ അനഭലക്ഷണീയമായ ഉപയോഗം, ലഹരി തുടങ്ങിയ ഘടകങ്ങൾ എന്നിവയെല്ലാം കാരണങ്ങളാകാം. ഇത്തരം കാര്യങ്ങളിലേക്ക് സ്കൂൾ സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്ന സൂചകങ്ങളായും മൂല്യനിർണ്ണയത്തിനെ/വിലയിരുത്തലിനെ സമീപിക്കണം. അതുകൊണ്ടാണ് സ്കൂളിലെ 12-20 കുട്ടികളുടെ വ്യക്തിഗതമായ വ്യതിയാനങ്ങളുടക്കം ശ്രദ്ധിക്കാൻ ഒരു ടീച്ചർ (മെന്റർ) ഉണ്ടാകണം എന്ന് വിഭാവനം ചെയ്തത്. മെന്ററിംഗിന് സഹായകമായ നിലയിൽ വിലയിരുത്തൽ പ്രക്രിയയെ വളർത്തിയെടുക്കാനും കഴിയേണ്ടതുണ്ട്. ശാസ്ത്രീയമായ മെന്ററിംഗ് രീതിശാസ്ത്രം എല്ലാ അധ്യാപകർക്കും ഉൾക്കൊള്ളാനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക (സ്കൂൾ തലത്തിൽ കൌൺസിലിംഗിൽ വൈദഗ്ധ്യമുള്ളവരുടെ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയുമാകാം)

**3. സാങ്കേതികവിദ്യാ സൗഹൃദവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക**

- സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ പഠനബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് റൂമിൽ നടക്കുന്നു എന്നുറപ്പുവരുത്തുക.
- മികച്ച പഠനാനുഭവങ്ങൾ നവ സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നതിനായി എല്ലാ അധ്യാപകരെയും സജ്ജമാക്കുക.

- ആശയവിനിമയം, ഗ്രഹണം എന്നിവയ്ക്കായി സാങ്കേതികവിദ്യാസഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്നുറപ്പാക്കുക.

**4. ഭരണപരമായപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക**

- മികച്ചപഠനാനുഭവങ്ങൾ പഠന-ബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്റൂമിൽ നടക്കുന്നു എന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തുക.
- പഠനപ്രവർത്തനത്തിനായി സാകങ്കേതികവിദ്യാസഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്ന് സ്ഥാപനമേധാവി ഉറപ്പാക്കുക.
- മികച്ച പഠനാനുഭവങ്ങൾ സാകങ്കേതികവിദ്യകൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തുക.
- കുട്ടികളുടെ അക്കാദമിക ഗുണത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം അനഭലക്ഷണീയമായ കാര്യങ്ങളിലേക്ക് വഴിമാറിപ്പോകുന്നില്ല എന്നുറപ്പാക്കാൻ സഹായകമായ നിലയിൽ മെന്ററിംഗ് പ്രക്രിയ ശക്തിപ്പെടുത്തുക.
- ആന്തരിക മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തുക.
- സമയബന്ധിതമായ ഉദ്യോഗസ്ഥതല നിരീക്ഷണ സംവിധാനം ഉറപ്പാക്കുക.
- കുട്ടികളുടെ സാമൂഹിക, അക്കാദമിക പശ്ചാത്തലം മനസ്സിലാക്കുന്നതിനായി അധ്യാപകരുടെ/ ഓഫീസർമാരുടെ വിദ്യാലയ, ഭവനസന്ദർശനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

**5. അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG)/സബ്ജക്ട് കൺസിൽ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ ചേരുകയും ഹ്രസ്വകാല അടിസ്ഥാനത്തിലും ദീർഘകാല അടിസ്ഥാനത്തിലും ആവശ്യമായ അക്കാദമിക ആസൂത്രണം നടത്തുക.
- ആവശ്യമായ ഘട്ടങ്ങളിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ (SRG) നേതൃത്വത്തിൽ സ്കൂളിലെ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് അക്കാദമിക ചർച്ചകളും സംവാദങ്ങളും ഒരുക്കി സ്വയം സജ്ജമാകലിനുള്ള സ്വയംശാക്തീകരണ പ്രവർത്തനങ്ങൾ വികസിപ്പിക്കുക.
- അധ്യാപകരുടെ പൊതുപരിശീലനങ്ങളിലും ക്ലസ്റ്റർ പരിശീലനങ്ങളിലും (അധ്യാപകസംഗമങ്ങളിൽ ) പങ്കാളിത്തം ഉറപ്പാക്കുക.

**6.വിദ്യാലയ സമിതികളും മറ്റു വകുപ്പുകൾ/സ്ഥാപനങ്ങളുമായുള്ള സഹകരണവും പിന്തുണയും ശക്തിപ്പെടുത്തുക.**

- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയസംവിധാനങ്ങൾ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
- ജനകിയ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ രൂപപ്പെടുത്തുക.

- രക്ഷാകർത്ത വിദ്യാഭ്യാസത്തിനുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
- നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ വീടുകൾ സന്ദർശിക്കൽ ആസൂത്രണം ചെയ്ത് അത് നിർവഹിക്കുക.
- ഗോത്രമേഖലകൾ, തീരദേശമേഖലകൾ, തോട്ടം മേഖലകൾ തുടങ്ങി പ്രതേക ശ്രദ്ധവേണ്ട മേഖലകളിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കുക.
- അതിഥി തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ഉന്നതിക്കായി സവിശേഷ പദ്ധതികൾ നടപ്പിലാക്കുക.
- നിശ്ചിത ഇടവേളകളിൽ സ്കൂൾതല പഠനോത്സവങ്ങൾ നടത്തുക.

**7. മറ്റുകാര്യങ്ങൾ**

- കുട്ടികൾക്ക് മികച്ച മാനസിക — വൈകാരിക — ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, നടപ്പാക്കുക.
- മയക്കുമരുന്ന്, ലഹരി എന്നിവയുകെതിരായ നിലപാട് കൈക്കൊള്ളുന്നതിനായി പഠനപ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയുമുള്ള പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
- 'ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം' എന്ന പ്രവർത്തന പദ്ധതി സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പാക്കുക.
- കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
- സ്കൂൾ വർഷാരംഭത്തിൽ സ്കൂളുകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച വിഷയങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുക.

# 4. പ്രവർത്തന പദ്ധതി

## അക്കാദമിക മാസ്റ്റർ പ്ലാൻ & സാമ്പത്തിക വിശകലനം(മലയാളം)

| പദ്ധതി | പ്രവർത്തനങ്ങൾ ( മലയാളം) | കാലയളവ് | ഭൗതികം | പിന്തുണ സംവിധാനം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥപരിഹരിക്കൽ | 1.മുന്നറിവ് പരിശോധന.<br>2.അക്ഷരം ഉറപ്പിക്കൽ<br>3.ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4.വാക്കുകൾ എഴുതിയ കാർഡ്<br>5.വാക്കുകളുടെ അവതരണം<br>6.വാക്കുകളുടെ നിർമ്മാണം<br>7.വാക്യങ്ങൾ നിർമ്മിക്കൽ<br>8.ചിത്രം അടിക്കുറിപ്പ്<br>9.ചിത്രം-കഥപറയൽ<br>10.ചിത്രംകഥ എഴുതൽ<br>11.കഥ-ബാക്കി എഴുതൽ<br>12.കഥാ പുസ്തകം നൽകൽ<br>13.സി.ഡിയിൽ ഒരു ചെറിയ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14.ഭാഷാപരമായ പിന്നോക്കവസ്ഥനില നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്. | 2 മാസം ജൂൺ -ജൂലൈ | ബാലപ്രസിദ്ധീകരണങ്ങൾ.സി.ഡി ,അക്ഷരകാർഡ് | സമഗ്രബി.ആർ. സിഎസ്.എസ്. എഡയറ്റ്എസ്. സി.ആർ.ടിപി.ടി. എ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക( വായനക്കൂ | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരി | ഏഴുമാസം | ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി ഗ്രന്ഥശാല | ബി.ആർ.സി ഡയറ്റ് എസ്.സി.ആർ.ട | |

| | | | | | |
|---|---|---|---|---|---|
| ട്ടം) | ക്കൽ<br>2. വായനകുറിപ്പ്<br>3. ക്ലാസ് ലൈബ്രറി<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5.വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മവായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവെ യ്ക്കൽ<br>10. വായന കുറിപ്പ്പതിപ്പ്<br>11.വിദ്യാരംഗംകലാ സാഹിത്യ വേദി<br>12.ക്ലാസ്സ്സഭ,സ്കൂൾ സഭ,ബാലസഭ, ദിനാചരണങ്ങൾ, ആകാശവാണി ക്ലബ്, സാഹി ത്യകാരന്മാരുമായു ള്ള, അഭിമുഖം, ആനുകാലിക പ്രസിദ്ധീകരണ വായന.<br>13.കാവ്യക്കൂട്ടം. | | പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണ ങ്ങൾ, വായനാമുറി ഇന്റർനെറ്റ് കമ്പ്യൂട്ടർ | ി<br>ഗ്രന്ഥശാല<br>പി.ടി.എ | |
| കുട്ടിയെമികച്ച എഴുത്തുകാരനാ ക്കുക.<br>(എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ്സ് ലെബ്രറി<br>4. വായന കുറിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദന കുറിപ്പ്<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് | എഴുമാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | ബി.ആർ.സി<br>ഡയറ്റ്<br>എസ്.സി.ആർ.ട ി<br>ഗ്രന്ഥശാല<br>പി.ടി.എ | |

| | | | | | |
|---|---|---|---|---|---|
| | മാഗസിൻ<br>8. ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ<br>9. സർഗ്ഗ സൃഷ്ടികളുടെ പതിപ്പ് തയ്യാറാക്കൽ<br>10. എഴുത്തുകൂട്ടം മോണിറ്റ റിംഗ്<br>11. വായന കുറിപ്പ് , ആസ്വാദനകുറിപ്പ്<br>12.ബാലസഭ<br>13. പൊതു വേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>14. വ്യക്തിഗത രചന, സംഘ രചന<br>15.ഭാഷാ പ്രാജക്റ്റ്<br>16. സാഹിത്യകാരന്മാരുമായുള്ള സംവാദം. രചയിതാക്കളെപരിചയപ്പെടുത്തൽ<br>17.സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | | | | |
| പഠനയാത്ര റിപ്പോർട്ട്അവതരണം | പഠനവുമായിബന്ധപ്പെട്ട് ആശാൻ സ്മാരകം, കലാമണ്ഡലം,മ്യൂസിയം, തകഴി സ്മാരകം, വയലാർഡ സ്മാരകം, കായംകുളം, പത്മനാഭ സ്വാമി ക്ഷേത്രം തുടങ്ങിയ ചരിത്ര സ്ഥല സന്ദർശനം | വർഷത്തിൽ ഒന്ന് | പഠനം ആകർഷകവുംഫലവത്തുമാകുന്നു | | |

| | | | | | |
|---|---|---|---|---|---|
| കഥകളി, നാടൻപാട്ട് തുടങ്ങിയവയുടെ ദൃശ്യാവിഷ്കാരം | പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം കലാകാരന്മാരെ കൊണ്ട് അരങ്ങിൽ അവതരിപ്പിക്കുന്നു. (സ്കൂൾ ആഡി റ്റോറിയം) | പഠന പ്രവർത്തന ത്തിന്റെ ഭാഗ മായി ഓരോ ടേമിൽ | കുട്ടികളിലെ കലാരൂപങ്ങൾ പരിചയ പ്പെടുന്നു. | | |
| കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുക | സാഹിത്യ ക്വിസ് രചനാ മത്സരങ്ങൾ മാഗസിൻ,നിർമ്മാണം, പോസ്റ്റർ , ദിനാചരണങ്ങൾ നാടകം, തിരക്കഥ, കഥ, കവിത, അരങ്ങുകൾ, സാഹിത്യ സംവാദം, പ്രശ്നോത്തരി. | ജൂൺ 2022 മുതൽ തുടർപ്രവർത്തനം | | മലയാള സാഹിത്യ ക്ലബ് | |
| സ്കൂൾ ഡിജിറ്റൽ ലൈബ്രറി | കുട്ടികൾക്കുംഅധ്യാപകർക്കും പഠനത്തിന് ആവശ്യമായ തരത്തിൽ ഡിജിറ്റൾ ലെബ്രറി പ്രവർത്തിപ്പിക്കുക. | സ്കൂൾ ആരംഭം | | | |
| വായനയിലൂടെ വ്യക്തിത്വ വികാസം | ഭിന്നനിലവാരക്കാരായ കുട്ടികളെ പരിഗണിക്കുന്ന തരത്തിലുള്ള പുസ്തകങ്ങൾ ആവശ്യമാണ് | 2018 ജൂൺ മുതൽ | ക്ലാസ് ലൈബ്രറി | | |
| ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ | | | | | |
| ഭിന്നശേഷിക്കാരെ മുഖ്യധാരയിൽ കൊണ്ടുവരുന്നു | ചിത്ര പ്രദർശനം | | ആഡിറ്റോറിയം പുസ്തകങ്ങൾ | ജനപ്രതിനിധികൾ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ ( ഇംഗ്ലീഷ്)

### ആമുഖം

ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിദ്യാലയമാണ് പുന്നപ്രയിൽ സ്ഥിതിചെയ്യുന്ന അറവുകാട് ഹൈസ്കൂൾ ,പുന്നപ്രയിലേയും പരിസര പ്രദേശങ്ങളിലേയും വിദ്യാർത്ഥികൾക്ക് ജാതിമത ഭേദമന്യേ വിദ്യ അഭ്യസിക്കുവാൻ ഈ വിദ്യാലയം അവസരമൊരുക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നവരിൽ ഭൂരിഭാഗവും. ഒഴുക്കോടെയും ശരി യായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുകയും കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുകയും ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവത്തിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുകയും ചെയ്യുന്നതോടൊപ്പം ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ഇംഗ്ലീഷ് മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. ലോകഭാഷയെന്ന നിലയിൽ ഇംഗ്ലീഷിനുള്ള പ്രാധാന്യം കുട്ടികളെ മനസ്സിലാക്കി മികച്ച വായനയിലൂടെ ആ ഭാഷ സുഗമമായി കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് കുട്ടികൾ ആർജ്ജിക്കുക എന്നൊരു ലക്ഷ്യവും ഇതിനുണ്ട്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ നൈപുണ്യം നേടുക ഭാഷ മികവ് നേടുക. ഭാഷ അനായാസമായി കൈകാര്യം ചെയ്യാൻ സാധിക്കുക. | എല്ലാ ക്ലാസ്സ് റൂമുകളിലും ലൈബ്രറി സജ്ജമാക്കുക | ഒരുവർഷം | എസ്.ആർ.ജി, ഇംഗ്ലീഷ് ക്ലബ് | |
| ഇംഗ്ലീഷ് ഭാഷാ അനായാസം സംസാരിക്കു വാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ഇംഗ്ലീഷ് ഭാഷാ ലാബ് സജ്ജമാക്കുക ഓഡിയോ/ വീഡിയോ | മൂന്ന് മാസം | ഇംഗ്ലീഷ് ക്ലബ് എസ്.ആർ.ജി | |

| | | | | |
|---|---|---|---|---|
| ഭാഷയുടെ ശരിയായ ഉച്ചാരണം സന്ദർഭമനുസരിച്ച് വാക്കുകളുടെ വ്യതിയാനത്തിലുണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കി ഭാഷ കൈകാര്യംചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | സി.ഡികളുടെ സഹായത്തോടെ ഭാഷ പഠന സുഗമമാക്കുക. | | | |
| ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഇംഗ്ലീഷ് തെറ്റു കൂടാതെ കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുക. | പിക്ചർ കാർഡുകൾ, ഇംഗ്ലീഷ് ചെറുകഥകളിലൂടെ വിദ്യാർത്ഥികളെ ഭാഷയോടടുപ്പിച്ച് താല്പര്യം കൂട്ടി ഭാഷ മനസ്സിലാക്കാനും വായിക്കാനും സംസാരിക്കാനും എഴുതുവാനും പ്രാപ്തരാക്കുക. | ഒരുവർഷം | എസ്.ആർ.ജി | |

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ സംവിധാനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ്ഭാഷ ഫലപ്രദമായി വായിക്കുവാനും, സംസാരിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുന്നതിനുവേണ്ടി ഈസി ഇംഗ്ലീഷ് എന്ന പദ്ധതി നടപ്പിലാക്കുവാൻ | 1. പഠന നില കണ്ടെത്തൽ . പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു., ഇംഗ്ലീഷ് ഭാഷ മനസ്സി ലാക്കുവാനും സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനുമുള്ള | അക്കാദമിക വർഷം മുഴുവനും | | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ |

| | | | | |
|---|---|---|---|---|
| വിഭാവനം ചെയ്യുന്നു | ശേഷി പരിശോധിച്ച് വിലയിരുത്തുന്നു.<br>2. പരിമിതികൾ പരിഹരിക്കുന്നതിന ാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.<br>-ചിത്രങ്ങളുടെ സഹായത്തോടെ വാക്കുകൾ പരിചയപ്പെടുത്തുന്നു .വായനാകാർഡുക ൾ തയ്യാറാക്കുന്നു.<br>-വായനാ സാമഗ്രികൾ ശേഖരിക്കുന്നു.<br>-ക്ലാസ്സ് ലൈബ്രറിക്ക് ആവശ്യമായപുസ്ത് കങ്ങൾ ശേഖരിക്കുന്നു. | | ചിത്രങ്ങൾ വായനാ കാർഡുകൽ പുസ്തകങ്ങൾ | സമഗ്ര എസ്.സി.ആർ.ടി ബി.ആർ.സി പി.ടി.എ |
| | 3. ഇംഗ്ലീഷ് അംസംബ്ലി പത്രവാർത്ത, ഉപന്യാസം ചിന്തവിഷയം, ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെ കുറിച്ചുള്ള കുറിപ്പ് തുടങ്ങിയവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | പത്രം ,പുസ്തക ങ്ങൾ | ക്ലാസ്സ് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ |
| | 4. ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ഒരു ദിവസം ഒരു ഭാഷ പരിപാടി എല്ലാ | എല്ലാ ദിവസവും | പാഠ പുസ്തകം, അദ്ധ്യാപക സഹായി | ഇംഗ്ലീഷ് ടീച്ചർ എസ്.ആർ.ജി |

| | | | | |
|---|---|---|---|---|
| | ക്ലാസ്സിലും സംഘടിപ്പിക്കുന്നു. പാഠഭാഗവു മായി ബന്ധപ്പെട്ട് ക്ലാസ്സ് മുറികളിൽ നട ക്കേണ്ട രചനാ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ | | | |
| | 5. ക്ലബ്ബ് പ്രവർത്തനങ്ങൾ ഇംഗ്ലീഷ ക്ലബിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കൽ . ക്വിസ് മത്സരം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം | പാഠപുസ്തകം, വീഡിയോ, സിനിമ | പ്രഥമാധ്യാപിക, ഇംഗ്ലീഷ് ടീച്ചർ, പി.ടി.എ, എസ്.ആർ.ജി സമഗ്ര |
| | 6. ദിനാചരണങ്ങൾ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം, ഗാന്ധിജയന്തി തുടങ്ങിയ ദിനങ്ങൾ ആഘോഷിക്കുമ്പോൾ ഇംഗ്ലീഷ് പ്രസംഗം ദേശഭക്തിഗാനം മുതലായവ അവതരിപ്പിക്കൽ | അതാത് ദിവസങ്ങളിൽ | ആഡിയോ, വീഡിയോ പുസ്തകങ്ങൾ | പ്രഥമാധ്യാപിക, ഇംഗ്ലീഷ് ടീച്ചർ, പി.ടി.എ മാനേജ്മെന്റ് എസ് .ആർ.ജി സമഗ്ര |
| | 7. സ്കൂൾ ബ്ലോഗ് കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂളിന്റെ ബ്ലോഗിനെ ഉപയോഗപ്പെ | രണ്ടാഴ്ചയിൽ ഒരിക്കൽ | ആഡിയോ, വീഡിയോ പുസ്തകങ്ങൾ | SITC, സമഗ്ര |

| | | | | |
|---|---|---|---|---|
| | ടുത്തൽ, മികച്ച രചനകൾ കുട്ടികളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കൽ തുടങ്ങിയവ.<br>8. സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേയ്ക്ക് ക്ഷണിക്കുകയും അവരുടെ വായനാനുഭവങ്ങൾ കുട്ടികളു മായി പങ്കുവെയ്ക്കുകയും കുട്ടികൾക്ക് അവരുമായി സംസാരിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യുക.<br>9. കഥയരങ്ങ് സ്കൂളിലെ കഥയെഴുത്തുകാർക്ക് , കവി കൾക്കും സ്കൂളിൽ നടക്കുന്ന പൊതു ചട ങ്ങുകളിൽ നിശ്ചിത സമയം നൽകി അവ രുടെ രചനകൾ അവതരിപ്പിക്കൽ. | മൂന്ന് മാസത്തിൽ ഒരിക്കൽ<br>പൊതു ചടങ്ങുകൾ നടക്കുന്ന അവസരങ്ങളിൽ | പുസ്തകങ്ങൾ | മാനേജ്മെന്റ് പ്രഥമാധ്യാപിക പി.ടി.എ, SRG ,സ്കൂളിലെ മറ്റ് അധ്യാപകർ.<br>മാനേജ്മെന്റ് പ്രഥമാധ്യാപിക പി.ടി.എ, SRG,സ്കൂളിലെ മറ്റ് അധ്യാപകർ. |

## അക്കാദമിക മാസ്റ്റർ പ്ലാൻ&സാമ്പത്തിക വിശകലനം ( ഹിന്ദി)

### ആമുഖം

അഹിന്ദി പ്രദേശമായ കേരളത്തിലെ സ്കൂളുകളിൽ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ യോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തി എടുക്കേണ്ടതായിട്ടുണ്ട്.

- എല്ലാ കുട്ടികൾക്കും ഹിന്ദി
- ഭാഷ ഫലപ്രദമായി എഴുതുവാനും , വായിക്കുവാനും, സംസാരിക്കു വാനും ഉള്ള കഴിവ് വളർത്തി എടുക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക. എന്ന ബോധ്യത്തോട് കൂടി അറവുകാട് ഹൈസ്കൂളിലെ ഹിന്ദി അദ്ധ്യാപികമാർ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ ആണ് താഴെ കൊടുത്തിരിക്കുന്നത്.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | സാമഗ്രി | ചുമതല |
|---|---|---|---|---|
| ഹിന്ദി ക്ലാസ്സ് ലൈബ്രറി | ഓരോ ക്ലാസിന്റേയും നിലവാരം അനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ 2022 മുതൽ | | |
| ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായനാ സാമഗ്രികളുടെ ഡിജിറ്റൽ റിസോഴ്സ് പി.ഡി.എഫ്, വീഡിയോ ചിത്രങ്ങൾ വായനാ സാമ്ഗ്രികൾ എന്നിവ ശേഖരിക്കുന്നു. ഇ.ലേണിംഗ് പ്രോത്സാഹിപ്പിക്കുന്നു . | ജൂൺ 2022 മുതൽ | | |
| ഹിന്ദി ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | സ്കൂൾ തുറക്കുന്ന ആഴ്ചയിൽ ക്ലാസ്സ് രൂപീകരിക്കുന്നു പ്രവർത്തന പദ്ധതി | ജൂൺ 2022 മുതൽ | | |

| | | | | |
|---|---|---|---|---|
| | രൂപീക രിക്കുന്നു. | | | |
| ഹിന്ദി പ്രദർശനബോർഡ് ഓരോ ക്ലാസ്സിലും | ഹിന്ദി പ്രദർശനബോർഡ് ഓരോ ക്ലാസ്സിലും തയ്യാറാക്കി വെയ്ക്കുന്നു. | ജൂൺ 2022 മുതൽ | | |
| ഹിന്ദി പത്രം ഇ-പേപ്പർ ലഭ്യമാക്കൽ | ഹിന്ദി പത്രങ്ങൾ ലഭ്യമാക്കുക. ഇന്റർനെറ്റിൽ നിന്നും ഇ പേപ്പർ പ്രിന്റ് എടുത്ത് വായനയ്ക്ക് അവസരം നൽകുന്നു | ജൂൺ 2022 മുതൽ | | |
| ഹിന്ദി ഫിലിം ക്ലാസ്സ് | ഹിന്ദി ഫിലിം ക്ലാസ്സ് രൂപീകരിക്കുന്നു. ഓരോ മാസവും കുട്ടികളും പാഠഭാഗവും ആയി ബന്ധപ്പെട്ട് ഓരോ ഫിലിം പഠന സമയം നഷ്ടപ്പെടുത്താതെ കുട്ടികൾക്ക് കാണാൻ അവസരം നൽകുന്നു | ജൂൺ 2022 മുതൽ | | |
| ഹിന്ദി വർക്ക് ഷീറ്റ് നിർമ്മാണം ഉപയോഗം | ഒന്നാം ടേം മൂല്യനിർണ്ണയം കഴിഞ്ഞാലുടൻ തന്നെ പിന്നോക്ക നിർണ്ണയം നിൽക്കുന്ന കുട്ടികൾക്ക് വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു.ഫലപ്രദാമായി | സെപ്തംബർ 2022 മുതൽ | | |

| | | | | |
|---|---|---|---|---|
| | ഉപയോഗിക്കുന്നു. | | | |
| ഹിന്ദി തിരിച്ചറിയൽ കാർഡ് | എല്ലാകുട്ടികൾക്കും( 8,9,10)പേര്,ക്ലാസ്സ്, സ്കൂൾ , വിലാസം ഉൾപ്പെടുത്തിയ കാർഡ് ( ഹിന്ദി പഠനത്തിനു മാത്രം ) | 1 മാസം | | ഹിന്ദി അധ്യാപകൻ, പ്രധാന അധ്യാപകൻ |
| ആജ് കാ ശബ്ദ് ( ഇന്നത്തെ വാക്ക് ) | ഓരോപുതിയ വാക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നു | 1 വർഷം | ശബ്ദകോശം, ബ്ലാക്ക് ബോർഡ് | ഹിന്ദി അധ്യാപിക |
| ഹിന്ദി അസംബ്ലി | എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു.സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ , മഹദ് വചനങ്ങൾ, ഇന്നത്തെ ചിന്താ വിഷയം, എന്നിവ ഉൾപ്പെടുത്തി ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. | ജൂൺ മുതൽ | ഹിന്ദി സാഹിത്യ കൃതികൾ | അധ്യാപകർ,കുട്ടികൾ, ഹിന്ദി ക്ലബ്ബ് |
| ക്രിയാത്മകമായ ഹിന്ദി ക്ലബ്ബ് | സ്കൂൾ തുറക്കുന്ന ആഴ്ച ക്ലബ്ബ് രൂപീകരികരിക്കുന്നു. പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | ജൂൺ മുതൽ | | ഹിന്ദിഅധ്യാപകർ, ഹിന്ദി ക്ലബ്ബ് |
| ഹിന്ദി ലൈബ്രറി | ഓരോ ക്ലാസ്സിന്റേയും നിലവാരം അനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു. വായന ഉറപ്പാക്കുന്നു. | ജൂൺ മുതൽ | വിവിധഇനം സാഹിത്യ കൃതികൾ | ഹിന്ദിഅധ്യാപകൻ, പ്രധാനഅദ്ധ്യാപിക , പി.ടി.എ,വിദ്യാർത്ഥി കൾ |

| | | | | |
|---|---|---|---|---|
| ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായന സാമഗ്രികളുടെ പി.ഡി.എഫ് ചിത്രങ്ങൾ വായനാ സാമഗ്രികൾ എന്നിവ ശേഖരിച്ചുള്ള വായന പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ മുതൽ | ഡിജിറ്റൽ ക്ലാസ്സ് റൂം | ഹിന്ദി അധ്യാപകൻ, പ്രധാനഅധ്യാപകൻ,അധ്യാപിക, പി.ടി.എ |
| ഹിന്ദി ദിനാചരണം | ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സ്റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു. | ജൂൺ മുതൽ | പ്ലകാർഡ്,ബാനറുകൾ | ഹിന്ദി അധ്യാപകൻ,എസ്.എം.സി, പി.ടി. എ, മാനേജ്മെന്റ്, എം.പി.ടി.എ |
| ഹിന്ദി പ്രശ്നോത്തരി | എല്ലാ ആഴ്ചയും ഹിന്ദി സാഹിത്യം ജി.കെ അടിസ്ഥാനമാക്കി ഹിന്ദി ക്വിസ് നടത്തി വിജയികൾക്ക് ഹിന്ദി അസംബ്ലിയിൽ സമ്മാനം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി സാഹിത്യം,ഹിന്ദി ക്വിസ് | ഹിന്ദി അധ്യാപകൻ |
| ശബ്ദകോശ നിർമ്മാണം | ഹിന്ദി വാക്കുകൾഅക്ഷര ക്രമത്തിൽ കണ്ടുപിടിച്ച് അവയുടെ അർത്ഥവും കണ്ടുപിടിച്ച് ശബ്ദ കോശം | ജൂൺ മുതൽ | 8,9,10 ക്ലാസ്സിലെ ടെക്സ്റ്റ് ബുക്ക് | കുട്ടികൾ/ഹിന്ദി അധ്യാപകൻ |

| | | | | |
|---|---|---|---|---|
| | നിർമ്മിക്കുന്നു. | | | |
| ഹിന്ദി കൈയ്യെഴുത്ത് മാസിക | ജൂൺ മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉല്പ്പന്നങ്ങൾ ശേഖരിച്ച് ജനുവരിയിൽ മികച്ച കൈയ്യെഴുത്ത് മാസികയായി അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു | ജൂൺ - ജനുവരി | കൈയ്യെഴുത്ത് മാസിക, പേപ്പർ,പെൻ,etc. | കുട്ടികൾ/ഹിന്ദി അധ്യാപകൻ |
| ഹിന്ദി കൊറിയോഗ്രാഫി | പാഠഭാഗങ്ങൾ വിവിധ രൂപത്തിൽ കുട്ടികൾ അവതരിപ്പിക്കുന്നു. | സെപ്റ്റംബർ മുതൽ | ഐ.സി.റ്റി | ഹിന്ദി അധ്യാപകൻ,പ്രധാന അദ്ധ്യാപിക,പി.ടി.എ, |
| നിരന്തരമൂല്യ നിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം. | നിരന്തര മൂല്യ നിർണ്ണയത്തിന് കൂടുതൽ ശ്രദ്ധ നൽകി ഓരോ കുട്ടിയുടേയും പഠന പുരോഗതി വിലയിരുത്തി പഠന നേട്ടം നേടി യെന്നു ഉറപ്പുവരുത്തുകയും ഇല്ലെങ്കിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രംണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ മുതൽ | ഉത്പ്പന്നങ്ങൾ | കുട്ടികൾ/ഹിന്ദി അധ്യാപകൻ |
| ഹിന്ദി കലോത്സവം | ഹിന്ദി വാരാഘോഷം നടത്തുന്ന സമയത്ത് കുട്ടികളുടെ മികച്ച പങ്കാളിത്തത്തോടെ ഹിന്ദി കലോത്സവം നടത്തുന്നു. | സെപ്റ്റംബർ 14-20 | | അധ്യാപകൻ,പി.ടി.എ, എം.പി.ടി.എ |

## അക്കാദമിക മാസ്റ്റർ പ്ലാൻ & സാമ്പത്തിക വിശകലനം ( അറബിക്)

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ശ്രോതസ് |
|---|---|---|---|---|
| അന്താരാഷ്ട്ര ഭാഷയായി അംഗീകരിച്ചഅറബി ഭാഷ പഠിക്കാനും സരളമായി സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ . പ്രൈമറിക്ലാസ്സ് മുതൽഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ വരുത്തുക.മുന്നറിവ് പരിശോധിക്കുക.അക്ഷരങ്ങൾ ഗ്രഹിക്കൽ വാചകങ്ങൾ നിർമ്മിക്കൽ ഭാഷാ കളികൾ | രണ്ടു മാസം | പുസ്തകങ്ങൾ വർക്ക് ഷീറ്റുകൾ, സി.ഡികൾ | BRC, LSG, SMC, PTA |
| കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പ വരുത്തുക. | 2. വായന വസന്തം വായനാ മത്സരം ക്ലാസ് ലൈബ്രറി വാട്ട്സാപ്പ് ഗ്രൂപ്പ് വായനകുറിപ്പുകൾ അറബിക് പത്രവായന | ആറുമാസം | പത്രങ്ങൾ മാഗസിനുകൾ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറി | BRC, LSG, SMC, PTA, OSF |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് മുറികളിൽ ഒരുക്കുക. | 3. എഴുത്തുത്സവം എഴുത്തുകൂട്ടം പതിപ്പുകളുടെ നിർമ്മാണം വായനാകുറിപ്പ് ശേഖരണം ചുവർപത്രങ്ങൾ, കൊളാഷുകൾ, പോസ്റ്ററുകൾ,ഭാഷാ കളികൾ. | പന്ത്രണ്ട് മാസം | അസംബ്ലി ചാർട്ടുകൾ പത്രങ്ങൾ | BRC, DIET, PTA |
| വിദ്യാഭ്യാസ വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും | 4.അറബിക് കമ്മ്യൂണിക്കേഷൻ ആശയവിനിമയ വേദി ക്ലാസ്സ് തലം | 24 മാസം | ഐ.ടി.സി,പുസ്തകങ്ങൾ ,സി.ഡികൾ | BRC, LSG, SMC, PTA |

| | | | | |
|---|---|---|---|---|
| പഠനനേട്ടങ്ങളിലൂടെ ഉറപ്പുവരുത്തുക ഭാഷാപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്തുവാനും വികസിപ്പിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | സ്കൂൾ തലം മൊബൈൽ,ലിസണിംഗ് സ്പീക്കിംഗ്, യാത്രകൾ, അറബിക് മേള, ഭാഷകളികൾ, അറബിക് അസംബ്ലി,ഭാഷാപ്രദർശനം,ഭാഷാ ക്യാമ്പയിൻ | | | |
| സർഗ്ഗകഴിവുകൾ ഭാഷാപഠനത്തിലൂടെ ഉറപ്പുവരുത്തുക. | ലാംഗേജ് ലാബ് സ്മാർട്ട് ക്ലാസ്സ് റൂം അറബി ഭാഷാ സാഹിത്യ ശേഖരങ്ങൾ ചിത്രീകരണങ്ങൾ, സിനിമ, ആനിമേഷൻ സോഷ്യൽ മീഡിയ, ആക്ടിവിറ്റീസ് | 36 മാസം | | BRC, LSG, SMC, OSF |
| ലൈബ്രറി | ഓരോ ക്ലാസ്സിന്റെയും നിലവാരമനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുക | | | |
| അറബിക്ലാസ്സ് പ്രർത്തനം കാര്യക്ഷമമാക്കൽ | സ്കൂൾ ക്ലബ്ബ് രൂപീകരിച്ച് പ്രവർത്തന പദ്ധതി രൂപീകരിക്കുക. | | | |
| അറബി പത്രം, മാസികകൾ, വാരികകൾ മുതലായവ ലഭിക്കുവാൻ | കുട്ടികൾക്ക് വായനശാല രൂപീകരിക്കുക | | | |
| അറബി സാഹിത്യ ക്ലാസ്സ്,മോട്ടിവേഷൻ | കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ | | | |

| | | | | |
|---|---|---|---|---|
| ക്ലാസ്സ്,മുതലായവ കൊടുക്കുന്നതിന് വേദി തയ്യാറാക്കുക. (ഫിലിം കാണിക്കുക) | നൽകൽ | | | |
| പഠനയാത്ര | പഠനവുമായി ബന്ധപ്പെട്ട് ചരിത്രസ്ഥലങ്ങൾ സന്ദർശനം | | | |

<u>അക്കാദമിക മാസ്റ്റർ പ്ലാൻ ( മാത്തമാറ്റിക്സ്)</u>

പ്രവർത്തനത്തിന്റെ പേര്.ബാങ്കിംഗ്/ജി.എസ്.ടി ക്ലാസ്സുകൾ ഉപ മേഖല .ഗണിതം

| Programme | Activites | Duration | Materials | Supporting group |
|---|---|---|---|---|
| നിത്യജീവിതത്തിലെ ഗണിത ശാസ്ത്ര വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുന്നതിന് ഗണിതത്തിൽ താല്പര്യം വർദ്ധിക്കുന്നതിന്. | ബാങ്കിംഗിലെ ഗണിതം, ജി.എസ്.ടി, കണക്കാക്കൽ തുടങ്ങിയവ നിത്യ ജീവിതത്തിലെ ഗണിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സെമിനാർ വെള്ളിയാഴ്ചകളിലെ ഉച്ച ഇടവേളകളിൽ | രണ്ട് മാസത്തിൽ ഒന്ന് ( മധ്യകാലം) | ചാർട്ട് , ഗണിത പുസ്തകം,ഇന്റർനെറ്റ് | ഗണിത അദ്ധ്യാപകർ,ഗണിത ക്ലബ്ബ് |
| ഗണിതം മധുരതരമാക്കൽ | പസിലുകൾ, ഗെയിമുകൾ, എന്നിവയുടെ അവതരണം. | മാസത്തിൽ ഒന്ന് | ചാർട്ട് , ഗണിത പുസ്തകം | ഗണിത അദ്ധ്യാപകർ,ഗണിത ക്ലബ്ബ് |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ നൽകുന്നതിന് | 8,9,10 ക്ലാസ്സുകളിലെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം | ജൂൺ 15 മുതൽ ആഗസ്റ്റ് വരെ | സങ്കലന ഗുണനപട്ടി കകളുടെ ചാർട്ടുകൾ | സഹ അദ്ധ്യാപകർ,പി.ടി.എ ഭാരവാ ഹികൾ, ക്ലാസ്സിൽ ഉന്നതനില വാരം പുലർത്തുന്ന കുട്ടികൾ |

## അക്കാദമിക മാസ്റ്റർ പ്ലാൻ ( സാമൂഹിക ശാസ്ത്രം)

### ആമുഖം

വ്യത്യസ്ഥ സാമൂഹിക സാമ്പത്തിക ബൗദ്ധിക നിലവാരങ്ങളിൽ നിന്നും കടന്ന് വരുന്ന എല്ലാ കുട്ടികൾക്കും തങ്ങളുടെ ശേഷികൾ , അറിവുകൾ, എന്നിവ പ്രകടിപ്പിക്കുവാൻ അവസരം ഒരുക്കുന്നതരത്തിൽ സാമൂഹിക ശാസ്ത്ര ക്ലാസ്സ് റൂം സജീവമാക്കുക എന്നതാണ് സാമൂഹ്യ ശാസ്ത്ര ഉപമേഖലയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അതിനായി ഓരോ കുട്ടിക്കും ഉയർന്ന ചിന്താപ്രക്രിയയ്ക്ക് അവസര മൊരുക്കുന്ന കുട്ടികളുടെ സ്വന്തം കാഴ്ചപ്പാടുകൾ ,കഴിവുകൾ നിലപാടുകൾ സർഗശേഷികൾ എന്നിവ പ്രകടിപ്പിക്കുവാൻ അവസരമൊരുക്കുന്നതാവണം സാമൂഹികശാസ്ത്ര ക്ലാസ്സ് മുറികളുടെ ലക്ഷ്യം. ജനാധിപത്യബോധം പൗരബോധം, വിമർശനാത്മക ചിന്താശേഷി, പ്രതികരണ ശേഷി, മാനവമൂല്യങ്ങൾ മെച്ചപ്പെടുത്തൽ , ദേശീയ അന്തർദേശീയ മൂല്യങ്ങൾക്ക് ഇടം നൽകുന്ന ചിന്താ പ്രക്രിയ തുടങ്ങിയ ഓരോ സാമൂഹിക ശാസ്ത്രക്ലാസ്സ് റൂം ലക്ഷ്യം വെയ്ക്കുന്ന കുട്ടികളിൽ ഉളിഞ്ഞിരിക്കുന്ന സവിഷേ പ്രതിഭ കണ്ടെത്തു കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരിടം എന്ന നിലയിൽ ഓരോ സാമൂഹിക ശാസ്ത്ര ക്ലാസ്സ് മുറിയേയും മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹിക ശാസ്ത്ര ഉപമേഖലയിലെ അധ്യാപകർ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ ചുവടെ ചേർക്കുന്നു.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | സാമഗ്രി | ചുമതല മോണിട്ട റിംഗ് |
|---|---|---|---|---|
| പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2.സാമൂഹികശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ<br>3. ചിത്രങ്ങൾ വീഡിയോ ക്ലിപ്പിംഗുകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ<br>4. സ്കിറ്റുകൾ, ഗാനങ്ങൾ, ലഘുവിവരണങ്ങൾ എന്നിവയിലൂടെ | രണ്ട് മാസം | മഹാത്മാരുടെ ചിത്രങ്ങൾ. വായനാ സാമഗ്രികൾ ചരിത്രസംഭവങ്ങളുടെചിത്രപ്രദർശനം വീഡിയോ ക്ലിപ്പിംഗ് ഡിജിറ്റൽ ലൈബ്രറി | സോഷ്യൽ സയൻസ് ക്ലബ്ബ് BRC, SCERT, SRG, PTA, സമഗ്ര |

| | | | | |
|---|---|---|---|---|
| | അവർ നേടിയ അറിവുകളുടെ അവതരണം | | | |
| കുട്ടികളെ പാഠപുസ്തകങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ കണ്ടെത്തുവാനും പ്രാപ്തരാക്കുക. | - പാഠഭാഗങ്ങൾ ഗ്രൂപ്പ് തലത്തിലും വ്യക്തിഗതമായുംവായിച്ച് ആശയ സ്വാംശീകരണം<br>-ആശയ സ്വാംശീകരണം ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ അനുബന്ധ പഠന സാമഗ്രികളുടെ ഉപ യോഗം<br>-പാഠഭാഗങ്ങൾ ഡിജിറ്റലൈസേഷൻ നടത്തി അവതരിപ്പിക്കൽ<br>-വർക്ക്ഷീറ്റുകൾ നൽകി ഉത്തരം കണ്ടെത്തൽ<br>-ചർച്ച കുറിപ്പുകൾ ,വായനകുറിപ്പുകൾ മുതലായവ എഴുതി അവതരിപ്പിക്കുവാൻ പ്രാപ്തരാക്കുക | 6 മാസം | ക്ലാസ്സ് റൂം ലൈബ്രറി സമീപപ്രദേശങ്ങളിലുള്ള ലൈബ്രറികൾ പ്രയോജനപ്പെടുത്തൽ.ICT സാധ്യത പ്രയോജനപ്പെടുത്തൽ | DIET, BRC, SCERT, SRG, PTA, സമഗ്ര |
| ചരിത്രമ്യൂസിയം ആർട്ടി ഗ്യാലറി എന്നിവ സജ്ജീകരിക്കുക. | ചരിത്രസംഭവങ്ങളുടേയും ചരിത്രപുരുഷന്മാരുടേയും ചിത്രങ്ങളുടെ ശേഖരം,<br>പത്രകട്ടിങ്ങുകൾ, കുട്ടികളുടെസൃഷ്ടികൾ,<br>ചരിത്രശേഷിപ്പുകള | അക്കാദമിക വർഷം മുഴുവനും | ചിത്രങ്ങൾ പത്ര കട്ടിംഗുകൾ കൈയെഴുത്ത് പ്രതികൾ പുരാവസ്തു രേഖകൾ | സോഷ്യൽ സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ടെ ശേഖരം പുരാവസ്തുക്കൾ, പുരാരേഖ മുതലായവ ശേഖരിക്കൽ | | | |
| പഠനസാമഗ്രികളുടേയും പഠനോപകരണങ്ങളുടേയും ശേഖരം | സ്കൂളിൽ വിൻഡ് വേയ്ൻ സ്ഥാപിക്കൽ, സ്റ്റിരിയോസ്കോപ്പ്, വടക്ക് നോക്കി യന്ത്രം, മഴമാപിനി, ബാരോമീറ്റർ, അമിനോമീറ്റർ, ജി,.പി.എസ് , ടോപ്പോഷീറ്റ് എന്നിവ സജ്ജീകരിച്ച് ക്ലാസ്സ് റൂം പ്രവർത്തനത്തിന്റെ ഭാഗമാക്കൽ | അക്കാദമിക വർഷം മുഴുവനും | | സോഷ്യൽ സയൻസ് ക്ലബ്ബ്, PTA, SRG |
| മോഡൽ പാർലമെൻറ് സംഘടിപ്പിക്കുക | ഹൈസ്കൂൾ/ ഹയർസെക്കന്ററിവിഭാഗത്തിൽ 50/60 കുട്ടികളെ ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്റ്റി അഫയേഴ്സിന്റെ സഹകരണത്തോടെ. | | | എസ്.എസ്. ക്ലബ് കൺവീനർ പാർലമെന്ററി അഫയേഴ്സ് |
| പഠന അനുബന്ധ പ്രവർത്തനങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | വിജ്ഞാന പരീക്ഷകൾക്ക് ആവശ്യമായ പരിശീലനം നൽകുന്ന തരത്തിൽ ക്വിസ് കോർണർ വിപുലപ്പെടുത്തൽ. | അക്കാദമിക വർഷം മുഴുവനും | | പി.ടി.എ എസ്.എസ്. ക്ലബ് |

| | | | | |
|---|---|---|---|---|
| | പ്രസംഗകലയിൽ താല്പര്യമുള്ളകുട്ടികൾക്ക് പിൻതുണ നൽകുന്ന തിന് ഇലോക്കേഷൻ കോർണർ സജ്ജീകരിക്കൽ പ്രഗൽഭരുടെ പ്രസംഗങ്ങൾക്ക് വേദിയൊരുക്കൽ. ചർച്ച, സംവാദം, സെമിനാർ വേദി ഒരുക്കൽ | | | |
| മാധ്യമരംഗത്തെ പ്രവണതകളും സാധ്യത കളും പ്രയോജനപ്പെടുത്തി വാർത്താവായനയെ പ്രോത്സാഹിപ്പിക്കുക. | ദൃശ്യ ശ്രാവ്യ പത്ര മാധ്യമ രംഗത്തെ പ്രഗത്ഭമതികളുടെ ചർച്ചകൾസംഘടിപ്പിക്കൽ വാർത്താ വായന മത്സരം സംഘടിപ്പിക്കൽ | മൂന്ന് മാസം | | എസ്.എസ്.ക്ലബ് , മീഡിയാസ് |
| സാമൂഹിക ശാസ്ത്രപ്രതിഭകളായ കുട്ടി കളെ സൃഷ്ടിക്കാൻ സാമൂഹിക ശാസ്ത്ര ലാബ് | അധ്യാപകരുടെ സഹായമില്ലാതെ സാമൂഹിക ശാസ്ത്രപഠനം നടത്തുവാൻ ഉതകുന്ന ഒരു സാമൂഹിക ശാസ്ത്ര ലാബ് ഒരുക്കുക | അക്കാദമിക വർഷം മുഴുവൻ | മൾട്ടി മീഡിയ, റൂം പ്രൊജക്ടർ, ഡിജിറ്റൽ ബോർഡ്/കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ചരിത്രം , ഭൂമിശാസ്ത്രം, സമൂഹശാസ്ത്രം, എന്നീ വിഷയങ്ങളെ സംബന്ധിക്കുന്ന ആധികാരിക ഗ്രന്ഥങ്ങൾ, ഡിജിറ്റൽ ലൈബ്രറി, ഗ്ലോബ്, മാപ്പ്, പൊളിറ്റിക്കൽ മാപ്പ്, വേൾഡ്, ഇന്ത്യാ തീമാറ്റിക്ക് | BRC, SCERT, S. S CLUB, PTA,സമഗ്ര |

| | | | | |
|---|---|---|---|---|
| | | | മാപ്പ്, അറ്റ്ലസ്, ടോപ്പ് ഷീറ്റ് വില്ലേജ് മാപ്പ്,ചാർട്ട്സ്, പിക്ചർ , പുരാവസ്ഥുക്കളുടെ ശേഖരം,പിക്ചർ കളക്ഷൻ, കോയിൻ കളക്ഷൻ,വർക്കിംഗ് മോഡൽ സ്കിൽ മോഡൽ അറ്റ്ലസ്. | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ സയൻസ്

| പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | മെറ്റീരിയൽ | സപ്പോർട്ടിംഗ് ഗ്രൂപ്പ് |
|---|---|---|---|---|
| ക്ലാസ്സ്തലത്തിൽ സയൻസ് മേളകൾ | എല്ലാകുട്ടികളേയും പങ്കെടുപ്പിക്കണം | 1 hour | കുട്ടികൾ തയ്യാറാക്കുന്ന പ്രദർശന വസ്തുക്കൾ | സ്കൂൾ സയൻസ് ക്ലബ് |
| ശാസ്ത്രജ്ഞൻമാരുടെ ജന്മദിനാചരണങ്ങൾ | ശാസ്ത്രജ്ഞന്മാരുടെ വിശദമായ ജീവചരിത്രകുറിപ്പുകളുടെ അവതരണം അസംബ്ലിയിൽ നടത്തുന്നു. | 20 mints | ശാസ്ത്ര പുസ്തകങ്ങൾ ജീവചരിത്രക്കുറിപ്പുകൾ | സയൻസ് ടിച്ചേഴ്സ് ക്ലബ് ലൈബ്രറി |
| ഔഷധസസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്ക്കരണം | ഔഷധ തോട്ട നിർമ്മാണം ഔഷധ സസ്യങ്ങളുടെ ആൽബം തയ്യാറാക്കൽ | 2 weeks | ഔഷധസസ്യങ്ങളുടെതൈകൾ, വിത്തുകൾ ചിത്രങ്ങൾ ലഘു ലേഖകൾ | നാട്ടുവൈദ്യന്മാർ മുതിർന്ന ആളുകൾ ചികിത്സാഗ്രന്ഥങ്ങൾ |
| രക്തദാനത്തെകുറിച്ചുള്ള ബോധവത്ക്കരണം. | പോസ്റ്റർ രചനാ മത്സരം.രക്തഗ്രൂപ്പ് നിർണ്ണയഗ്രൂപ്പ് | 2 days | | ഡോക്ടർ, നേഴ്സ്, അധ്യാപകർ |
| പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | സയൻസ് ക്ലബിലെ അംഗങ്ങൾ ഓരോ ക്ലാസ്സിലും പെൻ ബിൻ | 1 week | | പെഞ്ചായത്ത് അംഗം,പി.ടി.എ,അധ്യാപകർ, |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കുന്നു.സ്കൂളിലും പരിസരങ്ങളിലും ഉള്ള പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് റീസൈക്കിൾ ചെയ്യാവുന്നവയും അദ്ധ്യാപകരുടെ സഹായത്തോടെ തരം തിരിച്ച് ബന്ധപ്പെട്ട ഏജൻസിയെ ഏൽപ്പിക്കണം. | | | അനധ്യാപകർ |
| ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത. | ജൈവ കൃഷിയിടങ്ങൾ സന്ദർശനം. കർഷകരുമായുള്ള കൂടിക്കാഴ്ച. ജൈവ-രാസവളങ്ങളുടെ മേന്മ കളും പോരായ്മകളും എന്ന വിഷയത്തിൽ സംവാദം | ഒരാഴ്ച | കർഷക മാസികകൾ | കർഷകർ, അദ്ധ്യാപകർ, കൃഷിഓഫീസർ, അനധ്യാപകർ |

**പരിഹാരം**

1. കലാരൂപങ്ങളുടെ പ്രകടനം
    1. ശാസ്ത്രീയകലകൾ,അനുഷ്ഠാനകലകൾ എന്നിവ കാണാനും, ആസ്വദിക്കാനും അവസരം ഒരുക്കുക.
    2. കലാ മണ്ഡലം പോലുള്ള സ്ഥലങ്ങൾ സന്ദർശിക്കുക
    3. പ്രതിമാസം ഒരു പരിപാടി ആസൂത്രണം ചെയ്യൽ
    4. പൂർവ്വ വിദ്യാർത്ഥികളുടെ വിഭവം പ്രയോജനപ്പെത്തൽ
2. സംഗീത ഉപകരണ പഠനം

1. വർഷാരംഭത്തിൽ വിവിധസംഗീത ഉപകരണങ്ങൾ പഠിക്കുന്ന തിന് താല്പര്യമുള്ളവരെ കണ്ടെത്തൽ പ്രതിവാര ക്ലാസ്സുകൾ ആരംഭിക്കൽ.

2. വിദഗ്ദരായ അധ്യാപകരെ കണ്ടെത്തി അവരുടെ നേതൃത്വത്തിൽ പരിശീലനം

3. വർഷാവസാനംകുട്ടികളുടെഅരങ്ങേറ്റംവാർഷികത്തിന്റെ ഭാഗമായി പ്രകടനം.

3. സ്കൂൾ റേഡിയോ

എല്ലാദിവസവും രാവിലെ ഉച്ചയ്ക്കും എന്നീ സമയങ്ങളിൽ പ്രക്ഷേപണം നടത്താം.എല്ലാ ക്ലാസ്സിലും സൗണ്ട് സിസ്റ്റം അനിവാര്യമാണ്.കുട്ടികളുടെ പരിപാടികൾ അറിയിപ്പുകൾ എന്നിവ എല്ലാവരിലും എത്തിക്കാനും സാങ്കേതിക വിദ്യയിൽ കുട്ടി കൾക്ക് അനുഭവം ലഭിക്കാനും പദ്ധതി സഹായിക്കും.

4. ഓഡിറ്റോറിയം പരിശീലനങ്ങൾ

കലാകായിക പ്രവൃത്തിപരിചയ പഠനം പരിശീലന പ്രദർശനം,പ്രകടനം എന്നിവയ്ക്കായി വിശാലമായ ഹാൾ ആവശ്യമാണ്. എല്ലാവിധ ആധുനിക സൗകര്യങ്ങളും ഉള്ളതായിരിക്കണം.

5. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി ബിആർസിയിൽ നിന്നും ആഴ്ചയിൽ രണ്ട് ദിവസം സ്കൂളിൽ സ്പെഷ്യൽ ട്യൂട്ടർ സന്ദർശനം നടത്തി വേണ്ട പഠന പിന്തുണ നൽകാറുണ്ട്

6. 30% മാർക്കിൽ താഴെയുള്ള കുട്ടികൾക്കായി പ്രത്യേക പഠന മൊഡ്യൂളുകൾ തയ്യാറാക്കുക. ഈ മോഡ്യൂൾ പ്രകാരം കുട്ടികളുടെ പുരോഗതി റെക്കോർഡ് ചെയ്യുക.

7.ഹിന്ദി ഭാഷ അധ്യാപകരുടെ സഹായത്തോടെ പാഠഭാഗങ്ങളിടെ നോട്ട് തയ്യാറാക്കി അതിഥി തൊഴിലാളികളുടെ കുട്ടികളുടെ പഠനത്തിന് പിന്തുണ നൽകുന്നു.

## 5. വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം

മികവിന്റെ കാഴ്ചപ്പാട്

ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അധ്യാപകനെ ഒരു സഹായി ( മെന്റർ) എന്ന നിലയിലാണ് കണക്കാക്കുന്നത്. കുട്ടികൾക്ക് വിജ്ഞാനം നേടാനുള്ള വിവിധങ്ങളായ അവസരങ്ങൾ ഏകോപിപ്പിക്കുന്ന വ്യക്തിയായി അധ്യാപകൻ പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായ മാറിയിരിക്കുന്നു. ഓരോ കുട്ടിയുടേയും വ്യക്തിപരവും, കുടുംബപരവുമായ പശ്ചാത്തലം മനസ്സിലാക്കുകയും ചെയ്യേണ്ടാതാണ് ഗൃഹസന്ദർശനം.രക്ഷിതാക്കളുമായുള്ള ആശയവിനിമയം കുട്ടിയെ നിരീക്ഷിക്കൽ, സ്വഭാവമാറ്റം കണ്ടെത്തൽ, അനുകരണീയ മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കൽ, എന്നിവ നടത്തേണ്ടത് അനിവാര്യമാണ്.കുട്ടിക്ക് സ്നേഹം പരിഗണന സുരക്ഷിതത്വ ബോധം അംഗീകാരം എന്നിവ നൽകുന്ന സഹ രക്ഷിതാവായും പഠനനേട്ടങ്ങൾ കൈവരിക്കുന്ന സാഹായിയായും മാറുമ്പോൾ അധ്യാപക-വിദ്യാർത്ഥി ബന്ധം ദൃഢമാകുന്നു.

അധ്യയനം ആരംഭിച്ച വർഷം മുതൽ തന്നെ അറവുകാട് എച്.എസ് അക്കാദമിക മികവ് നിലനിർത്തിയിരുന്നു. അക്കാലത്ത് ആലപ്പുഴ ജില്ലയിലെ ഏറ്റവും കൂടുതൽ ഭൗതീക സാഹചര്യം ഉണ്ടായിരുന്നതും ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയവു മായിരുന്നു അറവുകാട് എച്.എസ്.അറവുകാട് ഹൈസ്കൂൾ മാനേജ്മെന്റ് കമ്മറ്റി, പി.ടി.എ, ടീച്ചിംഗ് ആൻഡ് നോൺ ടീച്ചിംഗ് സ്റ്റാഫ് എന്നീ ഘടകങ്ങൾ അക്കാദമിക്മികവിന് ചുക്കാൻ പിടിച്ചിരുന്നു.

സ്കൂളിൽ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി മാസത്തിലൊരിക്കൽ എസ്.ആർ.ജി കൂടുകയും ക്ലാസ്സ്റ്റും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. എല്ലാ അധ്യാപകരും കുട്ടികളെ പഠിപ്പിക്കുന്നതിന് മുമ്പ് തന്നെ പഠനബോധന സാമഗ്രി കൾ തയ്യാറാക്കി അക്കാദമിക കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സയൻസ് ക്ലബ്ബ്, എസ്.എസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്, ഇംഗ്ലീഷ് ക്ലബ്, ഹിന്ദി ക്ലബ്, ഗണിത ക്ലബ്, വിദ്യാരംഗം കലാ സാഹിത്യവേദി,പരിസ്ഥിതി കാർഷിക ക്ലബ്, എന്നീ ക്ലബുകളും കുട്ടികളുടെ ശാരീ രിക മാനസിക വികാസത്തിന് സഹായിക്കുന്ന റെഡ് ക്രോസ് ,ഫിസിക്കൽ എഡ്യൂക്കേഷൻ സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നീ ക്ലബുകളും പ്രവർത്തിക്കുന്നു. സ്കൂളിലെ പരമാവധി കുട്ടികളെ ഈ ക്ലബിൽ പങ്കെടുപ്പിക്കുന്നു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ക്ലബ്ബുകൾ കുട്ടികൾക്ക് മാതൃകയാകാറുണ്ട്. ക്ലാസ് റൂമിലെ നിരന്തര വില യിരുത്തലിന്റെ ഭാഗമായി പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടി കൾക്കായി പരിഹാര ബോധനം നടത്തിവരുന്നു.

പത്താം ക്ലാസ്സിലെ കുട്ടികൾക്കായി അവരുടെ നിലവാരം അനുസരിച്ചുള്ള പ്രത്യേക പരിശീലന പരിപാടി എല്ലാ വർഷത്തേയും പോലെ ഈ വർഷവും തുടങ്ങികഴിഞ്ഞു. കഴിഞ്ഞ മൂന്ന് വർഷമായി പത്താം ക്ലാസിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്കായി നെറ്റ് ക്ലാസ്സ് നൽകി വരുന്നു. ഈ പരിശീലനം എസ്. എസ്.എൽ.സി ഫലത്തിൽ പ്രത്യേകം പ്രതിഫലിച്ചു കാണുന്നു.

2023 ബഹുമാന്യനായ അമ്പലപ്പുഴ എംഎൽഎ ശ്രീ എച്ച് സലാം എട്ട് ലാപ്ടോപ്പുകൾ സ്കൂളിന് നൽകി.2023 ൽ തന്നെ പൊതു വിദ്യാഭ്യാസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കയറ്റ് 7 ലാപ്ടോപ്പുകൾ കൂടി സ്കൂളിന് നൽകുകയുണ്ടായി 2024 എംഎൽഎ സ്കൂളിന് ഒരു ഒരു എൽസിഡി പ്രൊജക്ടറും നൽകി.

ഐബി പുന്നപ്ര ബ്രാഞ്ച് കുട്ടികൾക്ക് ശുദ്ധജല ലഭ്യമാക്കുന്നതിന് വേണ്ടി സ്കൂളിൽ വാട്ടർ ഹീൽ ഫയർ സ്ഥാപിച്ചു എസ്ബിഐ പുന്നപ്ര ബ്രാഞ്ച് കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ നൽകി 1996 എസ്എസ്എൽസി ബാച്ച് കുട്ടികൾക്ക് വിശ്വസിക്കാൻ കഴിക്കുന്നതിന് ആവശ്യമായ പാത്രങ്ങൾ വാങ്ങി നൽകുകയും കൂടാതെ സ്കൂളിൽ ക്യാമറ സ്ഥാപിക്കുന്നതിന് സഹായിക്കുകയും ചെയ്തു റോട്ടറി ക്ലബ് ഓഫ് ആലപ്പി പെൺകുട്ടികളുടെ ശൗചാലയ നിർമ്മാണത്തിൽ സഹായിച്ചു. 2025-26 വർഷത്തെ എട്ടാം ക്ലാസിൽ ചേർന്ന എല്ലാ കുട്ടികൾക്കും മാനേജ്മെന്റിന്റെ വക സൗജന്യ യൂണിഫോം നൽകി കായിക മേഖലയിലെ 20 കുട്ടികൾക്കും അധ്യാപകനുമായി ശ്രീമതി അക്ഷര കെ അനിൽ (ഡക്കാത്ത്ലോൺ സീനിയർ ഫുട്വെയർ ഡിസൈനർ ബാംഗ്ലൂർ) ജേഴ്സി നൽകിയിരുന്നു. സ്കൂളിലെ പൂർവ്വ അധ്യാപകൻ അമ്പലപ്പുഴ താലൂക്ക് എയ്ഡഡ് സെക്കൻഡറി സ്കൂൾ സൊസൈറ്റിയുടെ പ്രസിഡന്റ് ആയിരുന്ന ശ്രീ ഷാജി സാർ ദേശീയ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 40,000 രൂപ സ്കൂളിലെ സൗണ്ട് സിസ്റ്റം മെച്ചപ്പെടുത്തുവാൻ നൽകി. പുന്നപ്ര തെക്ക് പഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2024 25 വർഷം ഒരു മിനി M C F സ്ഥാപിച്ചിട്ടുണ്ട്. ഒഴിഞ്ഞ പ്ലാസ്റ്റിക് കുപ്പികളും വേസ്റ്റും അതിൽ നിക്ഷേപിക്കുകയും ഹരിത കർമ്മ സേന അത് ശേഖരിച്ചുകൊണ്ട് പോവുകയും ചെയ്യുന്നു. കൂടാതെ മറ്റു വേസ്റ്റുകൾ നിക്ഷേപിക്കുന്നതിനായി മൂന്ന് ബിന്നുകൾ പഞ്ചായത്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് നടപ്പിലാക്കിവരുന്ന ശിശു സൗഹൃദ പഞ്ചായത്ത് എന്ന ആശയത്തിന്റെ ഭാഗമായി സ്കൂളിൽ ശിശു സൗഹൃദ ബോർഡ് സ്ഥാപിച്ചു. അതിന്റെ ഭാഗമായി രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ബഹുമാന്യനായ ആലപ്പുഴ ജില്ലാ കളക്ടർ ശ്രീ.കൃഷ്ണതേജ IAS ന്റെ നിർദ്ദേശപ്രകാരം സമൂഹത്തിലെ പാവപ്പെട്ട കുട്ടികൾക്കായി മാസത്തിലൊരു ദിവസം ഭക്ഷ്യവസ്തുക്കൾ

കുട്ടികൾ സ്കൂളിൽ എത്തിക്കുകയും 2022 ഫെബ്രുവരി 22 മുതൽ 'ഒരു പിടി നന്മ' എന്ന പദ്ധതിയിലേക്ക് വിതരണം നടത്തുകയും ചെയ്തു. 'തിഥി ഭോജൻ' എന്ന പേരിൽ ഉച്ചഭക്ഷണശാലയിലേക്ക് കുട്ടികളുടെ പിറന്നാൾ ദിവസങ്ങൾ ആഘോഷങ്ങൾ എന്നീ ദിനങ്ങളിൽ പച്ചക്കറികൾ നൽകിവരുന്നു.

ഓരോ അധ്യായന വർഷത്തിലേയും ദിനാചരണങ്ങൾ കുട്ടിക ളുടേയും രക്ഷിതാക്കളുടേയും പി.ടി.എ യുടേയും സഹായ ത്തോടെ വളരെ ഭംഗായിയി നടത്തി വരുന്നു. പ്രകൃതി സംരക്ഷണത്തിൽ കുട്ടികൾക്കുള്ള പങ്ക് ബോധ്യപ്പെടുത്തുന്നതിനായി ജൂൺ -5 ന് പരിസ്ഥിതി ദിനം ആചരിക്കുന്നു. വൃക്ഷതൈകൾ വിതരണം ചെയ്തും, സ്കൂളിൽ നട്ടു പിടിപ്പിക്കുന്നതിലും കുട്ടികളെ പങ്കാളി കളാക്കുന്നു. ലോകസമാധാനം കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവ ശ്യകതയെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 6 ന് ഹിരോഷിമ ജിനം ആചരിക്കാറുണ്ട്. അസംബ്ലിയിൽ യുദ്ധ വിരുദ്ധ സന്ദേശം നൽകുകയും ആ സന്ദേശങ്ങൾ അൾക്കൊ ള്ളുന്ന പോസ്റ്റ റുകൾ തയ്യാറാക്കി സ്കൂൾ നോട്ടീസ് ബോർഡിൽ പതിപ്പിക്കു കയും ചെയ്യുന്നു.

സ്കൗട്ട് ആൻഡ് ഗൈഡ്സ്, റെഡ് ക്രോസ് തുടങ്ങിയ വിഭാഗത്തിലെ കുട്ടികൾക്ക് പരിശീലനവും ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്. കായിക വാസനയുള്ള കുട്ടികളെ കണ്ടുപിടിച്ച് പരിശീലനത്തി ലൂടെ സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം സ്കൂളിലെ ഹെൽത്ത് ക്ലബ്ബിന്റേയും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റേയും സഹകരണത്തോടു കൂടി സ്കൂളിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്.

ആഴ്ചയിൽ രണ്ട് ദിവസം കൂടുന്ന അസംബ്ലിയിൽ പത്ര വാർത്ത, പ്രതിജ്ഞ, ദേശഭക്തിഗാനം മഹത് വചനങ്ങൾ എന്നിവ അവതരിപ്പിക്കാറുണ്ട്. ഓരോ വർഷവവും കുട്ടികളെ പഠന യാത്രക്കായി കൊണ്ടുപോകാറുണ്ട്. അധ്യാപകർക്കുള്ള ശാക്തീകരണ പരിപാടിയിൽ സ്കൂളിലെ മുഴുവൻ അധ്യാപകരും പങ്കെടുക്കുന്നു.

# 6. പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും

| അക്കാദമിക കലണ്ടർ : അറവുകാട് ഹൈസ്കൂൾ | | | |
|---|---|---|---|
| മാസം/തീയതി | ദിനം | ക്ലബ്ബ് | പ്രവർത്തനങ്ങൾ |
| ജൂൺ 5 | പരിസ്ഥിതി ദിനം | വിദ്യാരംഗം, സയൻസ്, ഹിന്ദി, ഇംഗ്ലീഷ് | പോസ്റ്റർ രചന, ഉപന്യാസം, വൃക്ഷത്തൈ നടീൽ, പ്രതിജ്ഞ |
| ജൂൺ 14 | ലോക രക്തദിനം | സയൻസ് | രക്തദാനം മഹാദാനം പോസ്റ്റർ മത്സരം |
| ജൂൺ 19 | വായനാദിനം | വിദ്യാരംഗം, ഹിന്ദി, ഇംഗ്ലീഷ് | വായനാമത്സരം, ക്വിസ്, സ്കൂൾ പത്ര നിർമ്മാണം, ശില്പശാല, പ്രതിജ്ഞ |
| ജൂൺ 21 | അന്താരാഷ്ട്ര യോഗ ദിനം | ഹെൽത്ത് | പ്രസംഗം, യോഗാ പോസ്റ്റർ, യോഗ ഗീത് മത്സരം |
| ജൂൺ 26 | ലോക മയക്കുമരുന്ന് വിരുദ്ധ ദിനം | സയൻസ് , ഹിന്ദി | ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ രചന, വിവരശേഖരണം |
| ജൂലൈ 4 | മാഡം ക്യൂറി ചരമദിനം | സയൻസ് | കുറിപ്പ് തയ്യാറാക്കൽ, അവതരണം |
| ജൂലൈ 5 | ബഷീർ ദിനം | വിദ്യാരംഗം | ക്വിസ്, ബഷീർ കൃതികളുടെ ആസ്വാദനക്കുറിപ്പ്, കഥാപാത്ര ആവിഷ്കാരം |
| ജൂലൈ 11 | ലോക ജനസംഖ്യാദിനം | സയൻസ്, സോഷ്യൽ സയൻസ് | ഉപന്യാസ രചന മത്സരം |
| ജൂലൈ 21 | ചാന്ദ്രദിനം | സയൻസ് | ക്വിസ്, പോസ്റ്റർ രചന |

| | | | |
|---|---|---|---|
| ജൂലൈ 28 | ലോക പ്രകൃതി സംരക്ഷണ ദിനം | ഇംഗ്ലീഷ്, പരിസ്ഥിതി | ഉപന്യാസ രചന മത്സരം |
| ജൂലൈ 31 | കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം, പ്രേംചന്ദ് ജയന്തി | വിദ്യാരംഗം , ഹിന്ദി | കാർട്ടൂൺ രചന, പഠനയാത്ര, പോസ്റ്റർ, ക്വിസ് |
| ആഗസ്റ്റ് 6 | ഹിരോഷിമ ദിനം | സയൻസ് സാമൂഹ്യശാസ്ത്രം | ക്വിസ്, പോസ്റ്റർ |
| ആഗസ്റ്റ് 9 | നാഗസാക്കി ദിനം | സയൻസ് സാമൂഹ്യശാസ്ത്രം | ക്വിസ്, പോസ്റ്റർ, വീഡിയോ പ്രദർശനം |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യ ദിനം | സോഷ്യൽ സയൻസ് ഹിന്ദി ഇംഗ്ലീഷ് | പോസ്റ്റർ, ഗാനാലാപനം, പ്രസംഗം |
| ആഗസ്റ്റ് 17 | കർഷകദിനം | വിദ്യാരംഗം, പരിസ്ഥിതി | കർഷകനെ ആദരിക്കൽ, അഭിമുഖം, ദൃശ്യാവിഷ്കാരം |
| ആഗസ്റ്റ് 29 | ദേശീയ കായിക ദിനം | ഹെൽത്ത് | കൂട്ടയോട്ടം, പ്രസംഗം |
| സെപ്റ്റംബർ 5 | ദേശീയ അധ്യാപകദിനം | വിദ്യാരംഗം ഇംഗ്ലീഷ് | ഗുരുവന്ദനം, പ്രസംഗം |
| സെപ്റ്റംബർ 14 | ഹിന്ദി ദിനം | ഹിന്ദി | പത്രം, പോസ്റ്റർ, ക്വിസ് |
| സെപ്റ്റംബർ 16 | അന്താരാഷ്ട്ര ഓസോൺ ദിനം | സയൻസ് | ക്വിസ്, പോസ്റ്റർ, പ്രബന്ധാവതരണം |
| ഒക്ടോബർ 1 | ലോക വയോജന ദിനം | വിദ്യാരംഗം | മുതിർന്ന പൗരന്മാരെ ആദരിക്കൽ, അഭിമുഖം, അനുഭവങ്ങൾ പങ്കുവെക്കൽ |
| ഒക്ടോബർ 2 | ഗാന്ധിജയന്തി | ഹിന്ദി ഇംഗ്ലീഷ് | പോസ്റ്റർ രചന, പെൻസിൽ ഡ്രോയിങ്, പ്രസംഗം |
| ഒക്ടോബർ 13 | സംസ്ഥാന കായിക ദിനം | ഹെൽത്ത് | പ്രസംഗം, ക്വിസ് |

| | | | |
|---|---|---|---|
| ഒക്ടോബർ 23 | അന്താരാഷ്ട്ര മോൾ ദിനം | സയൻസ് | ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ |
| നവംബർ 1 | കേരളപ്പിറവി | വിദ്യാരംഗം സോഷ്യൽ സയൻസ് ഹിന്ദി | ക്വിസ്, മാതൃഭാഷ ദിന സന്ദേശം, കേരളീയ ഗാനാലാപനം |
| നവംബർ 12 | സലീം അലി ജന്മദിനം | സയൻസ്, പരിസ്ഥിതി | പക്ഷിനിരീക്ഷണം, വീഡിയോ പ്രദർശനം, പക്ഷികളുടെ പട്ടിക ശേഖരണം |
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം | സയൻസ് | ക്വിസ്, ബോധവൽക്കരണം |
| ഡിസംബർ 2 | ദേശീയ മലിനീകരണ നിയന്ത്രണ ദിനം | പരിസ്ഥിതി | റോൾപ്ലേ |
| ജനുവരി 23 | ദേശീയ കൈയക്ഷര ദിനം | വിദ്യാരംഗം, ഇംഗ്ലീഷ് , ഹിന്ദി | കൈഎഴുത്ത് മത്സരം |
| ജനുവരി 26 | റിപ്പബ്ലിക് ദിനം | സോഷ്യൽ സയൻസ് | പോസ്റ്റർ, ക്വിസ്, പ്രസംഗം |
| ജനുവരി 29 | ദേശീയ പത്രദിനം | വിദ്യാരംഗം, ഇംഗ്ലീഷ് , ഹിന്ദി | പത്രം തയ്യാറാക്കി അസംബ്ലിയിൽ പ്രദർശനം |
| ജനുവരി 30 | രക്തസാക്ഷി ദിനം | സോഷ്യൽ സയൻസ് | ഗാന്ധിജി അനുസ്മരണ പ്രഭാഷണം, വീഡിയോ പ്രദർശനം |
| ഫെബ്രുവരി 4 | ലോക ക്യാൻസർ ദിനം | ഹെൽത്ത് | ബോധവൽക്കരണം ജീവിതശൈലി രോഗങ്ങൾ ലിസ്റ്റ് ചെയ്യാൻ |
| ഫെബ്രുവരി 13 | ഒഎൻവി ഓർമ്മദിനം | വിദ്യാരംഗം | അനുസ്മരണം ഒഎൻവിയുടെ ചലച്ചിത്ര ഗാനാലാപനം |

| | | | |
|---|---|---|---|
| ഫെബ്രുവരി 21 | ലോക ഭാഷാ ദിനം | വിദ്യാരംഗം | മാതൃഭാഷയുടെ പ്രാധാന്യം<br>ഉപന്യാസ രചന മത്സരം |
| ഫെബ്രുവരി 28 | ദേശീയ ശാസ്ത്ര ദിനം | സയൻസ് | ശാസ്ത്രജ്ഞരുടെ<br>ജീവചരിത്രക്കുറിപ്പ് |

**അറവുകാട് ഹൈസ്കൂൾ പുന്നപ്ര**

**ക്ലബ്ബ് പ്രവർത്തനങ്ങൾ**

| Sl.No. | ക്ലബ്ബുകൾ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| 1 | **ലഹരി വിരുദ്ധ ക്ലബ്ബ്** | പോസ്റ്റർ രചന- 'ലഹരിയെ അകറ്റാൻ' , ക്വിസ്, പ്രതിജ്ഞ, ഒപ്പ് ശേഖരണം, സെമിനാറുകൾ, ഫ്ലാഷ് മോബ്, ബോധവൽക്കരണ ക്ലാസ്, റാലി, ക്ലാസ് ലെവൽ ഫുട്ബോൾ ടൂർണമെന്റ്, സൗജന്യ ഡെന്റൽ ചെക്കപ്പ്, ലൈഫ് സ്കിൽ ട്രെയിനിങ്, ഡിബേറ്റ് | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ, H.M. |
| 2 | **ഹെൽത്ത് ക്ലബ്** | ബോധവൽക്കരണ ക്ലാസ്, യോഗ ഡേ സ്പീച്ച് ആൻഡ് യോഗാ സെഷൻ, കൂട്ടയോട്ടം, വാക്സിനേഷൻ ക്യാമ്പയിൻ, അയൺ ആൻഡ് ഫോളിക് ആസിഡ് ടാബ്ലറ്റ് വിതരണം, പോസ്റ്റർ രചന, സൗജന്യ കണ്ണ് പരിശോധന, സൗജന്യ കണ്ണട വിതരണം, ട്രെയിനിങ് ക്യാമ്പ്. | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ, H.M. |

| | | | |
|---|---|---|---|
| 3 | **ടീൻസ് ക്ലബ്ബ്** | ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്, ഹാൻഡ് റൈറ്റിംഗ്, ഡ്രോയിങ് ഉപന്യാസ രചന മത്സരം,കൗമാരപ്രായമായ കുട്ടികളുടെ പ്രശ്നങ്ങളെ അറിയുവാനും പരിഹരിക്കുവാനും ഉള്ള വേദികൾ ഒരുക്കുക. | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |
| 4 | **ഗാന്ധി ദർശൻ ക്ലബ്** | ദേശഭക്തിഗാനം, സ്കൂൾതല ക്വിസ് മത്സരം,സ്കൂൾതല പോസ്റ്റർ രചന മത്സരം, പ്രസംഗ മത്സരം | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |
| 5 | **മ്യൂസിക് ക്ലബ്ബ്** | ആഘോഷ ദിനങ്ങൾ, പ്രവേശനോത്സവം, ഓണം, സ്വാതന്ത്ര്യ ദിനം, കലോത്സവ മത്സരങ്ങൾ, റിപ്പബ്ലിക് ഡേ ആനുവൽ ഡേ | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |
| 6 | **വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ക്ലബ്ബ്** | പ്രവർത്തിപരിചയ മേള, ക്യാമ്പ്, മില്ലറ്റ് ഡേ ക്വിസ് മത്സരം, പച്ചക്കറി തോട്ടം നിർമ്മിക്കുക,ബൊക്കെ നിർമ്മാണം, ക്യാരി ബാഗ് നിർമ്മാണം,ബുക്ക് ബൈന്റിംഗ് | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |

| | | | |
|---|---|---|---|
| 7 | **വിദ്യാരംഗം** | ഹലോ ആകാശവാണി, കാലികം, പത്രനിർമ്മാണം, ഒരു ചോദ്യം ഒറ്റ ഉത്തരം സമ്മാനപദ്ധതി, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, ദിനാചരണങ്ങളോടനുബന്ധിച്ച് പരിപാടികൾ, സംവാദ സദസ്സ്, വായന മത്സരം, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ, വായന ദിന പ്രതിജ്ഞ | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |
| 8 | **ഇംഗ്ലീഷ് & ലിറ്ററി ക്ലബ്ബ്** | പോസ്റ്റർ രചന, റീഡിങ് ഡേ, ഹാൻഡ് റൈറ്റിംഗ് മത്സരം, ഉപന്യാസ രചന മത്സരം | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ, ഇംഗ്ലീഷ് അധ്യാപകർ |
| 9 | **അറബി ക്ലബ്ബ്** | പോസ്റ്റർ രചന, ടാലന്റ് ടെസ്റ്റ് സ്കൂൾതലം, അറബിക് ലാംഗ്വേജ് ഡേ സെലിബ്രേഷൻ, സ്പീച്ച്, ബോധവൽക്കരണം | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ,അറബി അധ്യാപകർ |
| 10 | **ശാസ്ത്ര ക്ലബ്ബ്** | ക്വിസ്, പ്രബന്ധം തയ്യാറാക്കൽ, ചന്ദ്ര മനുഷ്യൻ- സംഭാഷണം പോസ്റ്റർ രചന, സെമിനാർ | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ, ശാസ്ത്ര അധ്യാപകർ |
| 11 | **ഗണിത ക്ലബ്ബ്** | ജോമട്രിക്കൽ ചാർട്ട് തയ്യാറാക്കൽ, പൈ ദിനാചരണം, നമ്പർ ചാർട്ട് തയ്യാറാക്കൽ, സെമിനാർ | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ, ഗണിത അധ്യാപകർ |
| 12 | **സാമൂഹ്യ ശാസ്ത്രം ക്ലബ്ബ്** | ചാർട്ട് നിർമ്മാണം, പോസ്റ്റർ രചന, ക്വിസ്,പ്രസംഗ മത്സരം , ബോധവൽക്കരണം,ദേശഭക്തിഗാനം, (ഹിരോഷിമ നാഗസാക്കി) ദിനാചരണങ്ങൾ | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ, സാമൂഹ്യ ശാസ്ത്രം അധ്യാപകർ |

| | | | |
|---|---|---|---|
| 13 | **ഹിന്ദി ക്ലബ്ബ്** | വായനാ വചനങ്ങൾ അടങ്ങിയ പ്ലക്കാർഡ് നിർമ്മാണം, പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് പ്രേംചന്ദ് കഥകളും ഉപന്യാസങ്ങളുടെയും പ്രദർശനം, ഹിന്ദി ദിവസ് ദിനാചാരണം, പോസ്റ്റർ രചന, ക്വിസ് | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ,ഹിന്ദി അധ്യാപകർ |
| 14 | **മലയാളം ക്ലബ്ബ്** | ബഷീർ അനുസ്മരണ ദിനത്തോടനുബന്ധിച്ച് ബഷീർ കൃതികളുടെ ദൃശ്യാവിഷ്കാരം, ബഷീറിന്റെ ജീവചരിത്രം തയ്യാറാക്കൽ, കൃതികളുമായി ബന്ധപ്പെട്ട ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, ക്വിസ്, വാശമയം സ്കൂൾതല പരീക്ഷ, ശില്പശാല, പ്രബന്ധം തയ്യാറാക്കൽ | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ, മലയാളം അധ്യാപകർ |
| 15 | **എക്കോ പരിസ്ഥിതി ക്ലബ്ബ്** | പച്ചക്കറിത്തോട്ടം പരിപാലനം, വൃക്ഷത്തൈ നടീൽ, പരിസ്ഥിതി ദിനാചരണം, പ്ലക്കാർഡ് നിർമ്മാണം, പോസ്റ്റർ രചന, റാലി, ക്വിസ് മത്സരം, സ്കൂൾ ക്യാമ്പസ് ബ്യൂട്ടിഫിക്കേഷൻ, നേച്ചർ ടൂർ, പ്ലാസ്റ്റിക്ക് വിമുക്ത സ്കൂൾ, ക്ലാസ്സുകളുടെ ശുചികരണം മോണിറ്ററിങ്. | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |

| | | | |
|---|---|---|---|
| 16 | **സീഡ് ക്ലബ്ബ്** | പച്ചക്കറിത്തോട്ടം നിർമ്മാണം വൃക്ഷത്തൈ നടീൽ പരിസ്ഥിതി ദിനാചരണം പ്ലക്കാർഡ് നിർമ്മാണം, പോസ്റ്റർ രചന റാലി, ക്വിസ് മത്സരം, നേച്ചർ ടൂർ, പ്ലാസ്റ്റിക്ക് വിമുക്ത സ്കൂൾ, ജില്ലാ തല മത്സരങ്ങൾ, ക്യാരി ബാഗ് നിർമ്മാണം | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |
| 17 | **കൺസ്യൂമർ ക്ലബ്ബ്** | ഉപഭോക്ത അവകാശങ്ങളും ഉപഭോക്ത അവകാശങ്ങളും കടമകളും സംബന്ധിച്ച ബോധവൽക്കരണം, ഉപഭോക്താവിന്റെ അവകാശങ്ങളെ കുറിച്ച് ക്ലാസ്സ്, ഭക്ഷ്യസുരക്ഷാ നിയമങ്ങളെയും ഗുണമേന്മയും കുറിച്ച് സെമിനാർ, ഓൺലൈൻ ഷോപ്പിങ്ങിലെ സുരക്ഷ സംബന്ധിക്കുന്ന ക്ലാസ് | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |

| | | | |
|---|---|---|---|
| 18 | **ലിറ്റിൽ കൈറ്റ്സ്** | പ്രബന്ധം തയ്യാറാക്കൽ, ഐടി മേള, ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് സംഘടിപ്പിക്കൽ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ പരിചയപെടുത്തൽ, അസൈമെന്റ് മൂല്യനിർണയം, ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ അടിസ്ഥാനമാക്കി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ, റോബോട്ടിക് ഫെസ്റ്റ് പങ്കാളിതം | ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ, അംഗങ്ങൾ |
| 19 | **സ്കൗട്ട്** | വിവിധ ക്യാമ്പുകളിലെ പങ്കാളിതം- പെട്രോൾ ലീഡേഴ്സ് ക്യാമ്പ്, ദ്വിതീയ സോപാൻ ക്യാമ്പ്, തൃതീയ സോപാൻ ക്യാമ്പ്, രാജ്യപുരസ്കാർ ക്യാമ്പ്, ദിനാചരണങ്ങൾ, സ്വാതന്ത്ര്യദിനാഘോഷ, പ്ലക്കാർഡ് നിർമ്മാണം, ക്യാമ്പസ് ബ്യൂട്ടിഫിക്കേഷൻ, ക്യാമ്പസ് ഡിസിപ്ലിൻ, റാലി, ഡ്രിൽ, ഫ്ലാഷ് മോബ് | സ്കൗട്ട് മാസ്റ്റർ, സ്കൗട്ട്ടേഴ്സ് |
| 20 | **ജൂനിയർ റെഡ് ക്രോസ്സ്** | A, B C,ലെവൽ എക്സാമിന് കട്ടികളെ സജ്ജരാക്കക, സ്കൂൾ ഡിസിപ്ലിൻ, ദിനാചരണങ്ങൾ, പോസ്റ്റർ രചന | ജൂനിയർ റെഡ് ക്രോസ് കോഡിനേറ്റർ, കേഡൈറ്റ്സ് |

| | | | |
|---|---|---|---|
| 21 | **സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്** | വിദ്യാർത്ഥികളുടെ സുരക്ഷ, സ്കൂളും പരിസരവും വൃത്തിയായി പരിപാലിക്കുക, പൊതുമുതൽ സംരക്ഷണം, ട്രാഫിക് നിയമങ്ങൾ - ബോധവൽക്കരണം സ്കൂൾ പ്രൊട്ടക്ഷൻ രജിസ്റ്റർ സൂക്ഷിക്കുക | അധ്യാപകർ, H.M. |
| 22 | **റോഡ് സേഫ്റ്റി ക്ലബ്ബ്** | ട്രാഫിക് നിയമങ്ങളെ കുറിച്ച് ബോധവൽക്കരണം, ട്രാഫിക് ചിഹ്നങ്ങളുടെ പ്രദർശനം, യാത്ര സുരക്ഷ ഉറപ്പുവരുത്തൽ | അധ്യാപകർ, H.M. |
| 23 | **ഐടി ക്ലബ്ബ്** | സെമിനാർ, ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം, ഐടി മേള, ക്വിസ് മത്സരം | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |
| 24 | **എനർജി ക്ലബ്ബ്** | പ്രബന്ധം തയ്യാറാക്കൽ, പോസ്റ്റർ നിർമ്മാണം, റിന്യൂവബിൾ എനർജി സംബന്ധിച്ച ക്ലാസ്സ്, ഗ്രീൻ ക്യാമ്പസ് | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |
| 25 | **ലൈബ്രറി** | വായന ദിന പരിപാടികൾ, പത്ര നിർമാണം, പുസ്തക പ്രദർശനം, ആസ്വാദന കുറിപ്പ് തയ്യാറാകൾ, ക്വിസ് | ലൈബ്രേറിയൻ, കുട്ടികൾ |

| | | | |
|---|---|---|---|
| 26 | **ഫിസിക്കൽ എജ്യൂക്കേഷൻ ക്ലബ്ബ്** | ജില്ലാതല, സംസ്ഥാനതല മത്സരങ്ങളിലേക്ക് കുട്ടികളെ പരിശീലിപ്പിക്കുക കായിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച കുട്ടികൾക്കായി സ്കൂൾ സമയം കഴിഞ്ഞ് പ്രത്യേക പരിശീലനം നൽകുക, വ്യക്തിഗത ആരോഗ്യം-ബോധവൽക്കരണം, ഷോട്പുട്, ഹാൻഡ് ബോൾ, ഫുട്ബോൾ, അത്‌ലറ്റിക്സ്, മുതലായവയിൽ പരിശീലനം നൽകുക | ക്ലബ് കൺവീനർ, ക്ലബ് അംഗങ്ങൾ |

## സ്കൂൾ പ്ലാൻ ബഡ്ജറ്റ്
### ഭൗതീകം

| Sl.No. | പദ്ധതി | പ്രതീക്ഷിത ചെലവ് |
|---|---|---|
| 1. | മിനി തിയേറ്റർ | 3,00,000 |
| 2. | മഴവെള്ള സംഭരണി | 1,50,000 |
| 3. | ജൈവവൈവിധ്യ പാർക്ക്<br>ഔഷധോധ്യാനം<br>ശലഭോ ധ്യാനം | 2,00,000 |
| 4. | ബയോഗ്യാസ് | 50,000 |
| 5. | അസംബ്ലി പന്തൽ | 2,00,000 |
| 6. | ബാത്റൂം (50 യൂണിറ്റ്) | 1,00,000 |
| 7. | ഡ്രൈനേജ് സൗകര്യം | 2,00,000 |
| 8. | ഡൈനിങ് ഹാൾ,<br>സ്റ്റീം കിച്ചൻ | 6,00,000 |
| 9. | സൈക്കിൾ ഷെഡ് | 1,00,000 |
| 10. | കളിസ്ഥല നവീകരണം | 25,00,000 |
| 11. | ഡിജിറ്റൽ ലൈബ്രറി | 2,00,000 |
| 12. | അടൽ ടിങ്കറിംഗ് ലാബ് | 2,85,000 |
| 13. | സ്മാർട്ട് ബോർഡ് (19x15000) | 6,00,000 |
| ആകെ | | 54,85,000 |

## സ്കൂൾ പ്ലാൻ ബഡ്ജറ്റ്
## അക്കാദമികം

| Sl.No. | പ്രതീക്ഷിത വരവ് | വിഷയം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 1. | | ഹിന്ദി (പുസ്തകം, നോവൽ, ചാർട്ട് ,ഹിന്ദി ഇംഗ്ലീഷ് മലയാളം ഡിക്ഷനറി) | 20,000 |
| 2. | | മലയാളം ലൈബ്രറി പുസ്തകങ്ങൾ ശബ്ദതാരാവലി കഥകൾ കവിതകൾ ഓഡിയോ | 50,000 |
| 3. | | ഇംഗ്ലീഷ് ഡിക്ഷണറി ലൈബ്രറി പുസ്തകങ്ങൾ | 30,000 |
| 4. | | ഫിസിക്സ് സിമ്പിൾ പെൻഡുലം വോൾട്ട് മീറ്റർ അമീറ്റർ മാഗ്നെറ്റ് പ്രിസം ലേസർ ലൈറ്റ് കോൺകേവ് കോൺവെക്സ് ലെൻസ് | 35,000 |
| 5. | | കെമിസ്ട്രി കോണിക്കൽ ഫ്ലാസ്ക് ലായനികൾ ടെസ്റ്റ് ട്യൂബ് | 35,000 |
| 6. | | ബയോളജി മൈക്രോസ്കോപ്പ് സ്പിരിറ്റ് സ്കെൽട്ടൻ | 65,000 |
| 7. | | കണക്ക് ഇൻസ്ട്രുമെന്റ് ബോക്സ് അഞ്ച് എണ്ണം ചാർട്ടുകൾ ജാമിതീയ രൂപങ്ങൾ | 30,000 |
| 8. | | സാമൂഹ്യശാസ്ത്രം മാപ്പ് ഗ്ലോബ് ചാർട്ടുകൾ | 20,000 |
| 9. | | കലാ പഠനം ചാർട്ടുകൾ ഓഡിയോ വീഡിയോ ശ്രുതി | 35,000 |

| | | | |
|---|---|---|---|
| | | ബോക്സ് | |
| 10. | | പ്രവർത്തിപരിചയം ഫാബ്രിക് പെയിന്റ് പോസ്റ്ററുകൾ ബ്രഷ് ഫ്രെയിം ക്രൈപ്പ് പേപ്പർ തയ്യൽ മെഷീൻ | 1,00,000 |
| 11. | | കായികം<br>High jump stand<br>Hurdles<br>Long Jump Pit<br>Basketball indoor Court<br>Pole vault Stand and Bed<br>Pole<br>Ground maintenance | 69,16,000 |
| ആകെ | | | 73,36,000 |

## 7. ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അറവുകാട് ഹയർസെക്കന്ററി സ്കൂളും പൊതുവിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവെച്ച ഈ ദൗത്യം ഏറ്റെടുത്തിരിക്കുകയാണ്. പൊതുജന പങ്കാളിത്തത്തോടെ രൂപം കൊണ്ട ഹൈടെക്ക് ക്ലാസ്സ് മുറികളും ശുചിത്വം നിറഞ്ഞ പഠനാന്തരീക്ഷവും, വിഭവ സമ്പന്നമായ ലാബ്, ലൈബ്രറി സൗകര്യങ്ങളും, Inclusive education എന്ന ആശയവും, കുട്ടികളുടെ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങളിലേയ്ക്ക് ഉയർത്തുമെന്ന പ്രതീക്ഷയോടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പിനു മുമ്പാകെ സമർപ്പിക്കുന്നു.